ശാസ്ത്രസംസ്കാരകേന്ദ്രത്തിന്റെ

# ജനനീതി

175

നവംബർ 2011

10.00 ക.



ഇന്ത്യാ ഗേറ്റിൽ അന്നാ തൊപ്പികൾ

# കാശ്മീരിൽ കുഴിച്ചുമൂടിയ സത്യം പുറത്ത്

- ചന്ദർസുത ഡോഗ്ര -

**കാ**ശ്മീരിൽ ആയിരക്കണക്കിന് ആളുകളെ കൊന്ന് കുഴിച്ചുമൂടിയിട്ടുണ്ടെന്ന് കാശ്മീർ മനുഷ്യാവകാശ കമ്മീഷന്റെ റിപ്പോർട്ട് സ്ഥിരീകരിച്ചിരിക്കുന്നു. കമ്മീഷന്റെ റിപ്പോർട്ട് ഗവർമ്മേണ്ടിന്നു ലഭിച്ചിട്ടു കൊല്ലം അഞ്ചായെങ്കിലും വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച ഒരു അപേക്ഷയാണ് ഇത് പുറത്തുകൊണ്ടുവന്നത്.

കാശ്മീരിൽ തീവ്രവാദ പ്രവർത്തനം ആരംഭിച്ചിട്ട് ഇരുപതുകൊല്ലമായെങ്കിലും ആരെല്ലാം കൊല്ലപ്പെട്ടുവെന്നതിന്ന് കണക്കൊന്നുമില്ല. തിരിച്ചറിയപ്പെടാത്തവരുടെ മൃതദേഹമെന്ന പേരിൽ പതിനായിരം പേരുടെ മൃതദേഹങ്ങളെല്ലാം കുഴിച്ചുമൂടിയിട്ടുണ്ടെന്നാണ് ഊഹം. വടക്കൻ കാശ്മീരിലെ കുവപാര, ബറാമുള, ബന്ദിപ്പോർ എന്നീ മൂന്നു ജില്ലകളിൽ നാഥനില്ലാത്ത മൃതദേഹമെന്ന നിലയിൽ കുഴിച്ചുമൂടപ്പെട്ടവരുടെ കണക്കാണ് കാശ്മീർ മനുഷ്യാവകാശ കമ്മീഷന്റെ അന്വേഷണോദ്യോഗസ്ഥൻ സമർപ്പിച്ചിരിക്കുന്നത്. ഇങ്ങനെ കുഴിച്ചുമൂടപ്പെട്ട 2730 പേരുടെ ശ്മശാനങ്ങളുടെ വിവരം അതിലുണ്ട്. ഈ മൃതദേഹങ്ങൾ നാട്ടുകാർക്ക് നൽകുമ്പോൾ വിദേശ തീവ്രവാദികളുടെ മൃതദേഹമാണെന്നാണ് പോലീസ് അവകാശപ്പെടാറുള്ളത്. എന്നാൽ മനുഷ്യാവകാശ കമ്മീഷന്റെ അന്വേഷണ സംഘം ഇത്തരത്തിൽപെട്ട 2730 സംസ്കരണ കേന്ദ്രങ്ങൾ കണ്ടെത്തി. 38 ശ്മശാനങ്ങളിലാണ് ഊരും പേരുമില്ലാത്തവരെന്നു പറഞ്ഞ് ഇത്രയും പേരെ കുഴിച്ചിട്ടിരുന്നത്. എന്നാൽ ഇവരിൽ 574 പേരെ ജനങ്ങൾ തന്നെ തിരിച്ചറിഞ്ഞിരുന്നു.

തങ്ങളുടെ റിപ്പോർട്ടിന്മേൽ എന്തു നടപടിയെടുക്കണമെന്നറിയാതെ മനുഷ്യാവകാശ കമ്മീഷൻ അങ്കലാപ്പിൽ കഴിയുമ്പോൾ, അപ്രത്യക്ഷരായവരുടെ കുടുംബ സംഘടന വിവരാവകാശ നിയമ പ്രകാരം ഒരപേക്ഷ സമർപ്പിച്ചു. അതനുസരിച്ചാണ് മനുഷ്യാവകാശ കമ്മീഷന്റെ റിപ്പോർട്ട് ഇപ്പോൾ പുറത്തു വന്നിരിക്കുന്നത്. കഴിഞ്ഞ ആഗസ്ത് 17ന്ന് റിപ്പോർട്ടിന്റെ ഒരു കോപ്പി അപേക്ഷകർക്ക് ലഭിച്ചു. ഇപ്പോൾ മനുഷ്യാവകാശ കമ്മീഷൻ പറയുന്നത് ഇതൊരു അന്തിമ റിപ്പോർട്ടല്ല എന്നാണ്.

മനുഷ്യാവകാശ കമ്മീഷന്റെ അന്വേഷണ സംഘം സമർപ്പിച്ച റിപ്പോർട്ടിൽ ഊരും പേരുമില്ലാതെ സംസ്കരിച്ചവരുടെ എല്ലും പല്ലും DNA പരിശോധനക്ക് വിധേയമാക്കി ആളുകളെ തിരിച്ചറിയുകയും ഓരോരുത്തരുടേയും ബന്ധുക്കൾക്ക് ഏഴുലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകുകയും വേണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മനുഷ്യാവകാശ കമ്മീഷൻ 2008ൽ അന്വേഷണമാരംഭിച്ചതാണെങ്കിലും ഇപ്പോഴേ റിപ്പോർട്ട് പുറത്തുവന്നുള്ളൂ.

ഊരും പേരുമില്ലാതെ സംസ്കരിക്കപ്പെട്ടവരുടെ എണ്ണം അനാഥ പ്രേതങ്ങളുടെ ബന്ധുക്കളുടെ സംഘടന തയ്യാറാക്കിയ കണക്കിനോട് വളരെ അടുത്തുവരുന്നുണ്ട്. അനാഥ പ്രേത ബന്ധുക്കളുടെ സംഘടന 63 ശ്മശാനങ്ങളിലായി 2373 കുഴിമാടങ്ങളാണ് കണ്ടെത്തിയിരുന്നത്. മനുഷ്യാവകാശ കമ്മീഷനാകട്ടെ 2156 കുഴിമാടങ്ങൾ കണ്ടെത്തി. ❑




ജനനീതി

നവംബർ 2011

175

പത്രാധിപർ:

**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:

**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**വി.കെ. ഷറഫുദ്ദീൻ**
**ജോർജ്ജ് പുലികുത്തിയിൽ**



**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**
Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org


എഡിറ്റോറിയൽ

# ഉപ്പുസത്യാഗ്രഹം; അഴിമതി സത്യാഗ്രഹം; ഇനി ജനാധിപത്യം

**ഗാ**ന്ധിജിയുടെ ദണ്ഡിയാത്രയും ഉപ്പുസത്യാഗ്രഹവും പ്രസിദ്ധമാണ്. എന്തുകൊണ്ട് ഉപ്പുസത്യാഗ്രഹമെന്ന് പലരും ആരാഞ്ഞു. അതിനുള്ള മറുപടി ലളിതമായിരുന്നു. ബ്രിട്ടീഷ് ചക്രവർത്തിയും ഇന്ത്യയിലെ ഗവർണ്ണർ ജനറലും ഭിക്ഷക്കാരനുമടക്കം എല്ലാവരേയും ബാധിക്കുന്ന ഒന്നാണ് ഉപ്പ്. അതിനാൽ ഉപ്പുസത്യാഗ്രഹം എല്ലാവരേയും ബാധിക്കുന്ന ഒന്നായിരുന്നു.

ഇത്തരത്തിൽ അഴിമതി വിരുദ്ധ സമരത്തെപ്പറ്റി അന്ന ഹസാരേയോട് വല്ലവരും ചോദിച്ചുവോ എന്നറിയില്ല. ഏതായാലും ഗാന്ധിജി നൽകിയ ഉത്തരം തന്നെയായിരിക്കും ഹസാരേയും നൽകുക. മറ്റു നൂറു കൂട്ടം പ്രശ്നങ്ങൾ ഇന്ത്യയിലെ ജനങ്ങളെ അലട്ടുന്നുണ്ടെങ്കിലും എല്ലാവരേയും ഒരുപോലെ അലട്ടുന്ന ഒരു പ്രശ്നം അഴിമതിയാണ്. രാഷ്ട്രപതിമുതൽ ഭിക്ഷക്കാരൻവരെ എല്ലാവരേയും അലട്ടുന്ന ഒരു പ്രശ്നമാണ് അഴിമതി. അതുകൊണ്ടു തന്നെ ഹസാരെയുടെ പിന്നിൽ അണിനിരക്കാൻ അഴിമതിയിൽ ആറാടി നിൽക്കുന്ന ബി.ജെ.പി. ക്കാർ വരെ എല്ലാവരും തയ്യാറാകും. കൊടുക്കുന്നവനേയും വാങ്ങുന്നവനേയും ഒരുപോലെ നാണം കെടുത്തുന്ന ഒന്നാണ് അഴിമതി. കൊടുക്കുന്നവന് അതുകൊടുക്കേണ്ടി വന്നതിലുള്ള സങ്കടം; വാങ്ങുന്നവന്ന് കിട്ടിയതു കുറഞ്ഞുപോയെന്ന സങ്കടം.

ഇനി ഇതുപോലെ എല്ലാവരേയും സങ്കടപ്പെടുത്തുന്ന മറ്റൊരു പ്രശ്നമുണ്ട്. അതാണ് ജനാധിപത്യം. തങ്ങളുടേത് ഒരു ജനാധിപത്യ സംവിധാനമാണ് എന്ന് അവകാശപ്പെടാത്തവരായിട്ടാരുമില്ല. ഹിറ്റ്ലറുപോലും ജനാധിപത്യത്തിലൂടെയാണ് അധികാരിയായത്. സ്റ്റാലിൻ അതിലും വലിയ ജനാധിപത്യ

വിശ്വാസിയായിരുന്നു. സോവിയറ്റ് യൂണിയനിൽ സ്ഥിരമായി തിരഞ്ഞെടുപ്പു നടക്കാറുണ്ട്. 99.9 ശതമാനം വോട്ടർമാരും വോട്ടു ചെയ്തു എന്നത് അക്കാലത്ത് ജനാധിപത്യ വിശ്വാസികൾക്കിടയിലെ ഒരു ഫലിതമായിരുന്നു. ജനങ്ങൾക്കുവേണ്ടി ജനങ്ങൾ നടത്തുന്ന ജനകീയ ഭരണം എന്നിങ്ങനെ ജനാധിപത്യത്തിന്ന് 99 ശതമാനവും ശരിയായൊരു നിർവ്വചനം നൽകിയ അമേരിക്കയിലും ജനാധിപത്യ ഭരണ സംവിധാനമാണ് നിലവിലുണ്ടായിരുന്നത്. പക്ഷെ നിക്സൻ ഭരിച്ചാലും കെന്നഡി ഭരിച്ചാലും ബുഷ് ഭരിച്ചാലും ഒബാമ ഭരിച്ചാലും അമേരിക്കയിൽ നയത്തിന്നു മാറ്റമൊന്നും വരാറില്ല. യുദ്ധം ചെയ്യാത്ത ഒരു അമേരിക്കൻ ഭരണകൂടവുമുണ്ടായിട്ടില്ല. എല്ലാം ജനങ്ങൾക്കു വേണ്ടിത്തന്നെയായിരുന്നു; ജനാധിപത്യ സംരക്ഷണത്തിന്നു വേണ്ടിയായിരുന്നു. ഇന്നലെ ഇറാഖിനെ ചുട്ടു പൊട്ടിച്ചതും ഇന്ന് അഫ്ഘാനിസ്ഥാനെ ചുട്ടു പൊട്ടിച്ചുകൊണ്ടിരിക്കുന്നതും നാളെ ഇറാനെ ചുട്ടുപൊട്ടിക്കാൻ പോകുന്നതും ജനാധിപത്യത്തിന്നു വേണ്ടിത്തന്നെ. ലോകത്തിൽ ജനങ്ങളുടെ മണ്ടയിലിട്ടു പരീക്ഷണം നടത്തിയ രണ്ടു അണുബോംബുകളും ജനാധിപത്യത്തിന്നു വേണ്ടിത്തന്നെ വകയിരുത്തപ്പെട്ടവയാണ്. ഈ ജനാധിപത്യ ഭ്രാന്തന്മാർക്കിടയിൽനിന്നും ജനങ്ങൾക്കും ജനാധിപത്യത്തിന്നും ഒരു മോചനം പ്രതീക്ഷിക്കാനാവില്ല. കാരണം അമേരിക്കൻ ജനാധിപത്യത്തിന്റെ നിലനിൽപു തന്നെ ആയുധ നിർമ്മാണത്തിലാണ്. ആയുധ നിർമ്മാണത്തിന്റെ അർത്ഥം തന്നെ ആളുകളെ കൊല്ലലാണല്ലോ. ആളെ കൊല്ലാൻ കഴിഞ്ഞില്ലെങ്കിൽ പിന്നെ ആയുധ നിർമ്മാണം നിരർത്ഥകമാകുന്നു. ആയുധ നിർമ്മാണം നടത്തിയില്ലെങ്കിൽ അമേരിക്കൻ ജനാധിപത്യത്തിന്നും നിലനില്പില്ലാതാകും. ഇതൊരു ദൂഷിത വൃത്തമാണ്.

ഇന്ത്യൻ ജനാധിപത്യത്തിന്റെ കഥ ഇതിനേക്കാളെല്ലാം വിചിത്രമാണ്. ഇവിടെ ജനാധിപത്യമെന്ന ഒന്ന് ഒരുകാലത്തും ഉണ്ടായിരുന്നില്ല എന്നതാണ് വാസ്തവം. അല്പം ചില നാട്ടുരാജ്യങ്ങളിൽ ജനാധിപത്യസംവിധാനമുണ്ടായിരുന്നതൊഴിച്ചാൽ, ബാക്കി എല്ലായിടത്തും ബ്രിട്ടീഷ് നിയന്ത്രിതമായ നാടുവാഴിത്തമാണ് നിലനിന്നിരുന്നത്. ഗാന്ധിജിപോലും ജനാധിപത്യത്തിന്നു വേണ്ടി വാദിച്ചിരുന്നില്ല. ഇന്ത്യയിലേത് സ്വാതന്ത്ര്യ സമരമായിരുന്നു. ബ്രിട്ടൻ ഇന്ത്യവിട്ടാൽ പിന്നെ ഇവിടെ എന്തു സംഭവിക്കുമെന്ന ചോദ്യത്തിന്ന് ഗാന്ധിജിയുടെ മറുപടി ലളിതമായിരുന്നു. "നിങ്ങൾ ഇവിടെനിന്നു പോയാൽ മതി; ബാക്കിയെല്ലാം ഞങ്ങൾ തീരുമാനിച്ചുകൊള്ളാ"മെന്നാണ് അദ്ദേഹം പറഞ്ഞത്. ഇന്ത്യക്കാർ തമ്മിൽ തല്ലില്ലേ എന്ന ചോദ്യത്തിന്നും അത്രതന്നെ ലളിതമായിരുന്നു ഗാന്ധിജിയുടെ മറുപടി. "ഞങ്ങൾക്ക് തമ്മിൽതല്ലാനും സ്വാതന്ത്ര്യം വേണം" എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. ചുരുക്കി പറഞ്ഞാൽ, ഇന്ത്യയിലേത് സ്വാതന്ത്ര്യ സമരമായിരുന്നു. ബ്രിട്ടീഷ് കോളനികളായിരുന്ന പല രാജ്യങ്ങളും ഇന്ത്യയുടെ ഈ മാതൃകയെ പിൻതുടർന്നു.

ബ്രിട്ടീഷ് ജനതയും ഫ്രെഞ്ച് ജനതയും അമേരിക്കക്കാരുമെല്ലാം ജനാധിപത്യത്തിന്നുവേണ്ടി പോരാടിയപ്പോൾ ഇന്ത്യക്കാരും മറ്റുബ്രിട്ടീഷ്-ഫ്രഞ്ച് കോളനികളും സ്വാതന്ത്ര്യത്തിന്നുവേണ്ടിയാണ് പോരാടിയത്. ജനാധിപത്യത്തിന്ന് ഉറപ്പുവരുത്താൻ ബ്രിട്ടീഷുകാർക്കും ഫ്രഞ്ചുകാർക്കും റഷ്യക്കാർക്കുമെല്ലാം അവരുടെ രാജാവിന്റെ തലതന്നെ അരിയേണ്ടിവന്നപ്പോൾ ഇന്ത്യക്കാരും മറ്റും പൊന്നു രാജാവിന്നു സ്തുതിഗീതങ്ങൾ പാടുകയായിരുന്നു.

"രാജാവെന്നാലാരമ്മേ
രാജാവീശ്വരനെൻമകനെ
അന്തിയിൽ നാമം ചൊല്ലുമ്പോൾ
എന്തേ പേരതു പറയാഞ്ഞൂ"

എന്ന സ്കൂൾഗീതം വളരെ പ്രായമായവർപോലും ഓർക്കുന്നുണ്ടാകും. രാജാവിനെ ഈശ്വരനായി കാണാൻ നാം നമ്മുടെ കുട്ടികളെ പഠിപ്പിക്കുമ്പോൾ പാശ്ചാത്യർ അവരുടെ രാജാക്കന്മാരുടെ തലയരിയുകയായിരുന്നു.

ജനാധിപത്യത്തിന്നു വേണ്ടിയുള്ള സമരത്തിന്നും സ്വാതന്ത്ര്യത്തിന്നുവേണ്ടിയുള്ള സമരത്തിന്നും തമ്മിൽ അജഗജാന്തരത്തോളം വ്യത്യാസമുണ്ടെന്നർത്ഥം. ജനാധിപത്യത്തിന്നുവേണ്ടി പോരാടുകയും അതിന്നായി ജീവൻതന്നെ ബലി കഴിക്കുകയും ചെയ്തവർ ജനാധിപത്യ സംരക്ഷണത്തിന്നായി പോരാടുന്നത് സ്വാഭാവികമാണ്. ഇന്ത്യക്കാർക്ക് അത്തരമൊരു പാരമ്പര്യം അവകാശപ്പെടാനില്ല. അതുകൊണ്ടുതന്നെ ജനാധിപത്യം അപകടത്തിലാകുമ്പോൾ ഇവിടെ ആരും വേവലാതിപ്പെടുന്നുമില്ല.

ബ്രിട്ടീഷുകാർ അധികാരമൊഴിഞ്ഞ് ഇന്ത്യവിട്ട അവസരത്തിൽ അവരിവിടെ ചില നിയമങ്ങളും പാരമ്പര്യങ്ങളുമെല്ലാം അവശേഷിപ്പിച്ചുപോയി. അതൊന്നു മാറ്റിയെഴുതാനുള്ള തന്റേടം പോലും ഇന്ത്യയിൽ ഭരണം കയ്യേറ്റവർക്കുണ്ടായില്ല. അതുകൊണ്ടാണ് പതിനെട്ടാം നൂറ്റാണ്ടിലും പത്തൊമ്പതാം നൂറ്റാണ്ടിലുമൊക്കെ എഴുതിവച്ച ബ്രിട്ടീഷ് സംവിധാനങ്ങൾ നാമിന്നും നാണമില്ലാതെ പിൻതുടരുന്നത്. അതുപോലെ അവർ അവശേഷിപ്പിച്ചുപോയ രാഷ്ട്രീയ പാരമ്പര്യമാണ് ജനാധിപത്യം. ബ്രിട്ടീഷ് ജനാധിപത്യ പാരമ്പര്യം അച്ചടക്കത്തിന്റേതാണ്. ഇന്ത്യൻ പാർലിമെന്റിൽ കാണാറുള്ളതുപോലെയുള്ള ഒരു വൃത്തികേടും ബ്രിട്ടീഷ് പാർലിമെന്റിൽ ഒരിക്കൽപോലും നാം കാണുകയില്ല. ഇവിടെ നടക്കുന്നതുപോലെയുള്ള കാലുമാറ്റവും കാലുവാരലും അവിടെ സംഭവിക്കില്ല.

അട്ടയെ പിടിച്ച് മെത്തയിൽ കിടത്തിയാലും അത് പൊട്ടക്കുളം തേടി പോകും എന്നൊരു നാടൻ ചൊല്ലുണ്ട്. ഇന്ത്യൻ ജനാധിപത്യത്തെപ്പറ്റിയും ഒരാൾക്ക് പറയാൻതോന്നുക ആ ചൊല്ലാണ്. ജനാധിപത്യത്തിന്നുള്ള എല്ലാ സംവിധാനങ്ങളും ഇവിടെയുണ്ടെങ്കിലും ജനങ്ങൾ ജനാധിപത്യ വിരുദ്ധമായേ പ്രവർത്തിക്കൂ. സ്വാതന്ത്ര്യ സമ്പാദനത്തിന്റെ പേരിൽ നാം എത്ര പേരെ കൊന്നു! ജാതിയുടേയും മതത്തിന്റേയും ഭാഷയുടേയും പേരിൽ കൊല്ലപ്പെട്ടവരെത്രയാണ്. ഇതാണോ ജനാധിപത്യം? ഭൂരിപക്ഷത്തിന്റെ ഹിതം നോക്കി നാം വല്ലതും ചെയ്യാറുണ്ടോ? അഴിമതിക്കിവിടെ എല്ലാവരും എതിരാണ്. എന്നാൽ തിരഞ്ഞെടുക്കപ്പെടുന്നവരെല്ലാം അഴിമതിക്കാരുമാണ്. ജഡ്ജിമാർപോലും ഇവിടെ അഴിമതിക്കാരാണ്; അഴിമതിക്കാരനാണെന്നു തെളിഞ്ഞാൽ പോലും ജഡ്ജിമാർ പോലും ഇവിടെ സ്ഥാനമൊഴിയാറില്ല. ഇനിയും ഇത് പൊറുക്കാനാവില്ല.

ഗാന്ധിജി ഉപ്പുസത്യാഗ്രഹത്തിലൂടെ തുടങ്ങിവച്ച ത്യാഗസമ്പൂർണ്ണമായ സമരം അന്ന ഹസാരേയുടെ അഴിമതി സത്യാഗ്രഹത്തിലൂടെ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുമോ? ത്യാഗങ്ങൾ സഹിക്കാൻ ഒരു ജനതയൊന്നാകെ തയ്യാറായാലേ ഈ അഴിമതി വിരുദ്ധ സത്യാഗ്രഹത്തെ എവിടെയെങ്കിലും എത്തിക്കാൻ നമുക്കു കഴിയൂ. ഇതിനെ അട്ടിമറിക്കാൻ ഇപ്പോൾതന്നെ വിവിധ കേന്ദ്രങ്ങളിൽ വിവിധ രീതികളിൽ ശ്രമമാരംഭിച്ചിട്ടുണ്ട്. ഗാന്ധിയൻ നിശ്ചയദാർഢ്യം ഹസാരെക്കുണ്ടാകുമോ എന്നറിയില്ല. ഉണ്ടായാൽ ഇതിലും വിജയം തീർച്ച.

അഴിമതിയെ ഒരിടത്ത് കുറ്റിയടിച്ചു കെട്ടിയിടാൻ നമുക്കു കഴിഞ്ഞാൽ അടുത്ത സ്വപ്നലോകമായ ജനാധിപത്യത്തിലേക്കുള്ള ഒന്നാമത്തെ കാൽവയ്പായിരിക്കും അത്. ജനാധിപത്യത്തിന്ന് ആഗ്രഹിക്കാത്തവരില്ല. പക്ഷെ ആ ആകാശ കുസുമം എങ്ങനെ കയ്യെത്തിച്ചു പിടിക്കാം? അതിന്നുള്ള പരിശീലന വേദിയായിരിക്കും ഈ അഴിമതി വിരുദ്ധ സത്യാഗ്രഹം. ❑

# ഗാന്ധിതൊപ്പി വീണ്ടും

ജനങ്ങൾ ഏതാണ്ട് മറന്നു കഴിഞ്ഞിരുന്ന ഗാന്ധി തൊപ്പിക്ക് വീണ്ടും ജീവൻവച്ചിരിക്കുന്നു. അന്നഹസാരെയുടെ അഴിമതി വരുദ്ധ സമരമാണ് അതിന്ന് സഹായിച്ചത്. ഗാന്ധിതൊപ്പിയുടെ മഹത്വമെല്ലാം ചോർന്നു പോയിക്കഴിഞ്ഞ ഒരവസരത്തിലാണ് ഈ പുനർജന്മം ഹസാരെയുടെ അഴിമതിവിരുദ്ധ സമരത്തോടൊപ്പം ദൽഹിയിലാണ് ഗാന്ധിതൊപ്പി ഒരുസമര ചിഹ്നമായി പ്രത്യക്ഷപ്പെട്ടത്.

ഗാന്ധിയന്മാർ കാലയവനികക്കകത്ത് മറഞ്ഞു. പുതിയ തലമുറക്ക് ഗാന്ധിയൻ പരിപാടികളെല്ലാം അന്യമായിത്തീർന്നു. ഉണ്ണാവ്രതങ്ങൾ കോമാളി വേഷങ്ങളായിമാറി. സത്യാഗ്രഹത്തിന്റെ അർത്ഥംപോലും അന്യമായിത്തീർന്നു. ഗാന്ധിയൻ സമരരീതികളുടെയെല്ലാം ആധാരം സ്നേഹവും സത്യവുമാണെന്ന പ്രാഥമികതത്വം പോലും വിസ്മൃതമായി കഠാരയും കല്ലേറും സമര രീതികളായിത്തീർന്നു.

ഗാന്ധിയൻ സമരത്തിന്റെ അടിസ്ഥാനം തന്നെ സ്നേഹവും മര്യാദയുമാണ്. ബ്രിട്ടീഷുകാരോടല്ല, ബ്രിട്ടീഷ് ഭരണത്തോടാണ് ഗാന്ധിജി സമരം ചെയ്തത്. ബ്രിട്ടീഷുകാർക്കു പകരം ഒരു ഹിറ്റ്ലറോടോ മുസോളിനിയോടോ സ്റ്റാലിനോടോ ആയിരുന്നു സമരമെങ്കിൽ ഗാന്ധിയൻ സമരരീതികൾ തീർത്തും വ്യത്യസ്തമാകുമായിരുന്നു.

പ്രധാനമന്ത്രിമുതൽ പിച്ചക്കാരൻവരെ ഈ രാജ്യത്തുള്ളവരെല്ലാം തന്നെ സ്നേഹിക്കുന്നവരാണെന്ന അറിവാണ് അന്ന ഹസാരെയെ സത്യാഗ്രഹത്തിന്നു പ്രേരിപ്പിച്ചത്. താൻ എന്തിന്നുവേണ്ടി സമരം നടത്തുന്നുവോ, അത് തീർത്തും ശരിയും ന്യായവുമാണെന്ന് അന്ന ഹസാരേയ്ക്ക് അറിയാമായിരുന്നു; അതുപോലെത്തന്നെ എതിർപക്ഷത്തുള്ളവർക്കും ആന്തരാ ആ നീതിബോധമുണ്ടെന്നും ഹസാരേക്ക് അറിയാമായിരുന്നു. അധികാരത്തിന്നുള്ള പ്രലോഭനമാണ് എതിർകക്ഷിയെ തെറ്റായവഴിക്ക് നയിക്കുന്നതെന്നും, അവരെ നേർവഴിക്കു കൊണ്ടുവരാൻ തന്നെപ്പോലുള്ളവർ ചില കടുംകൈ പ്രയോഗങ്ങൾ അവലംബിക്കേണ്ടത് നാടിനും നാട്ടുകാർക്കും ആവശ്യമാണെന്നുമുള്ള ബോധമാണ് ഹസാരെയുടെ ഉപവാസത്തിന്റെ ആധാരം.

എന്തോ ചില ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഒരു സന്യാസി നൂറിലേറെ ദിവസം ഉപവസിച്ച് ജീവത്യാഗം നടത്തിയത് രണ്ടുമാസം മുമ്പായിരുന്നുവെന്നോർക്കുക. അത് സമൂഹത്തിലോ ഭരണകൂടത്തിലോ യാതൊരു ചലനവും സൃഷ്ടിച്ചില്ല. അധികാരിക്ക് നീതിബോധമുണ്ടായിരിക്കുകയും സത്യാഗ്രഹിക്ക് തികഞ്ഞ സത്യസന്ധതയുണ്ടായിരിക്കുകയും സമരവിഷയം ജനങ്ങളെയെല്ലാം അന്യായമായി ബാധിക്കുകയും ചെയ്യുമ്പോൾ മാത്രമേ സത്യാഗ്രഹം അർത്ഥവത്താകുന്നുള്ളൂ. നിസ്വാർത്ഥതയും പരാർത്ഥതയും സത്യാഗ്രഹത്തിന്റെ കാതലായിരിക്കണം. ഭരണാധികാരിക്കും ഭരണീയന്നും പരസ്പരം വെറുപ്പും വിദ്വേഷവും നിറഞ്ഞുനിൽക്കുന്നിടത്ത് സത്യാഗ്രഹം നിരർത്ഥകവും നിഷ്പ്രയോജനവുമാണ്.

ഗാന്ധിതൊപ്പി രൂപംകൊണ്ടത് 1919 ലാണ്. ഇന്ത്യക്കാർ അതുവരെ പലേടത്തും പലതരം തലയിൽ കെട്ടാണ് ഉപയോഗിച്ചുവന്നിരുന്നത് കാല-ദേശ വ്യത്യാസങ്ങളനുസരിച്ചും സാമൂഹ്യാചാരങ്ങളനുസരിച്ചും തലയിൽകെട്ടിന്ന് രൂപം മാറുമായിരുന്നു. എന്നാൽ സത്യാഗ്രഹികളെ തിരിച്ചറിയാനും, താൻ സത്യാഗ്രഹിയാണെന്ന് വിളംബരപ്പെടുത്താനും സമരക്കാർക്ക് ഒരു യൂനിഫോം വേണമെന്ന് ഗാന്ധിജിക്ക് തോന്നി. ഗാന്ധിജിക്ക് എന്തു തോന്നുമ്പോഴും അതിനെ നയിക്കുന്ന ഘടകങ്ങൾ ലാളിത്യവും പ്രായോഗികതയുമായിരിക്കും.



ഹസാരെയുടെ സമരത്തെത്തുടർന്ന് ഗാന്ധി തൊപ്പിക്ക് വീണ്ടും പ്രസക്തി

ഇന്ത്യ ഉഷ്ണമേഖലയിൽപെട്ട ഒരു രാജ്യമാണ്. അതിനാൽ ഒരു ശിരോകവചം ആവശ്യമായിവരുന്നു. അതുവരെ നാട്ടുകാർ തലയിൽ തുണി ചുറ്റും. ധനികർ പലവിധ തൊപ്പികൾ ധരിക്കും. ഒരുപാട് തുണി ചെലവാകുമെന്നതിനാൽ ഗാന്ധിജി തലപ്പാവിനെ ആദ്യമേ തള്ളിക്കളഞ്ഞു. യൂറോപ്യൻ തൊപ്പികൾ ചെലവേറിയതാണെന്നുമാത്രമല്ല ഇന്ത്യക്കാരെ പലരായി തരംതിരിക്കുകയും ചെയ്യും. യൂറോപ്യനായി തോന്നിച്ചതിനെയെല്ലാം ജനങ്ങൾ വെറുത്തിരുന്ന കാലവുമാണ് അത്.

അവസാനം കാശ്മീരി തൊപ്പിയാണ് ഇന്ത്യക്കാർക്ക് അനുയോജ്യമായി ഗാന്ധിജി കണ്ടെത്തിയത്. അത് കനം കുറഞ്ഞതാണ്; ഭംഗിയുള്ളതാണ്; ഉണ്ടാക്കുക എളുപ്പവുമാണ്. അത് മടക്കിവയ്ക്കാം; അതുകൊണ്ട് എവിടേക്കു വേണമെങ്കിലും കൊണ്ടുപോകാം. വേണമെങ്കിൽ ചുരുട്ടിക്കൂട്ടി പോക്കറ്റിലിടാം. പക്ഷെ അതിന്നുമുണ്ട് ഒരു പ്രശ്നം. കാശ്മീരി തൊപ്പിയുണ്ടാക്കാൻ കമ്പിളിനൂൽ വേണം! കമ്പിളിനൂലിന്നു പകരം പരുത്തി നൂൽ ഉപയോഗിച്ചാലെന്താണെന്ന് ഗാന്ധിജി ചിന്തിക്കാൻ തുടങ്ങി.

തൊപ്പിയുടെ രൂപനിർണയം നടത്തിക്കഴിഞ്ഞതോടെ, അതിന്റെ നിറത്തെപ്പറ്റിയായി ഗാന്ധിജിയുടെ ചിന്ത. ചളിയോ എണ്ണയോ പുരണ്ടാൽ പെട്ടെന്നു തിരിച്ചറിയാൻ കഴിയുമെന്നതുകൊണ്ട് തൊപ്പിയുടെ നിറം വെള്ളയാകമണമെന്ന് ഗാന്ധിജി തീരുമാനിച്ചു.

തൊപ്പിയുടെ രൂപഭാവങ്ങൾ തീരുമാനിച്ചുകഴിഞ്ഞതോടെ ഗാന്ധിജി അത് സ്വയം ധരിക്കുകയും മറ്റുള്ളവരെ അത്തരം തൊപ്പിയുണ്ടാക്കി ധരിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. എല്ലാ തലകൾക്കും ചേരുന്നതാണ് ഗാന്ധിതൊപ്പി; പണക്കാരനും ദരിദ്രനും ഗാന്ധിതൊപ്പിയുണ്ടാക്കാം. ആദ്യം ചിലർ മടിച്ചുനിന്നു. എല്ലാ തലയും ഒരുപോലെയാകുന്നതിൽ പലർക്കും വിഷമമുണ്ടായിരുന്നു. പക്ഷെ ഗാന്ധിജി വഴങ്ങിയില്ല. ഒരു കൊല്ലത്തിന്നകം ഗാന്ധിതൊപ്പി സാർവ്വത്രികമായി. ഗാന്ധിതൊപ്പി കോൺഗ്രസിന്റെ യൂനിഫോമായിതീർന്നു. തെരുവുകളിലും നാൽകവലകളിലും ഗാന്ധിതൊപ്പിയുടെ വില്പന സ്ഥിരം കാഴ്ചയായി മാറി.

1925 ഏപ്രിലിൽ ഉണ്ടായ ഒരു സംഭവം ഗാന്ധിതൊപ്പിക്ക് ഗാന്ധിജി കല്പിച്ചിരുന്ന മൂല്യം വ്യക്തമാകും. ഗാന്ധിജി ബോംബേയിൽനിന്ന് കൽക്കത്തയിലേക്ക് തീവണ്ടിയിൽ യാത്രചെയ്യുകയായിരുന്നു. വണ്ടിനിർത്തുന്ന സ്റ്റേഷനു

# അഴിമതിക്കതീതമായവർ ചേർന്ന് ഒരു പാർട്ടി: അന്ന ഹസാരെ

**- അമൃത ബ്യാത്നൽ -**

**അ**ഴിമതിക്കതീതമായി നിൽക്കുന്ന രാഷ്ട്രീയ പ്രവർത്തകരെല്ലാം പാർട്ടിയിൽനിന്ന് രാജിവച്ച് പുതിയൊരു പാർട്ടിയുണ്ടാക്കണമെന്ന് അഴിമതിക്കെതിരെ പോരാടിവരുന്ന അന്ന ഹസാരെ രാഷ്ട്രീയ പ്രവർത്തകരോട് അഭ്യർത്ഥിച്ചു. അന്ന ഹസാരെ തന്റെ പ്രവർത്തന കേന്ദ്രമായ റലേഗവോൺ സിദ്ദി എന്ന ഗ്രാമത്തിൽവച്ച് ടെലിവിഷൻ ലേഖകരുമായി അഴിമതി വിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ച് സംസാരിക്കുകയായിരുന്നു.

പല പാർട്ടികളിലും നല്ല ആളുകളുണ്ട്. അവരെ അവഗണിക്കാനാവില്ല. ഇത്തരം നല്ല മനുഷ്യർ ഒത്തുചേർന്ന് ഒരു പാർട്ടിയുണ്ടാക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. ഇത്തരത്തിൽ ഒരു പാർട്ടിയുണ്ടാക്കിയാൽ താൻ അവരെ പിന്താങ്ങുമെന്നും അവർക്കായി പ്രചരണ രംഗത്തിറങ്ങുമെന്നും അന്ന ഹസാരെ പറഞ്ഞു. ഇത്തരമൊരു പാർട്ടിക്കേ ഇന്ത്യയുടെ ഭാവിയെ ശോഭനമാക്കാൻ കഴിയൂ.

ഒരു തിരഞ്ഞെടുപ്പിലും താൻ മത്സ ➡ രിക്കില്ലെന്നും എന്നാൽ അഴിമതിക്കതീതമായ പാർട്ടിക്കാരെ താൻ പിൻതാങ്ങുമെന്നും അദ്ദേഹം വിശദീകരിച്ചു. താനൊരു അഴിമതി വിരുദ്ധ സമ്മർദ്ദ ഗ്രൂപ്പായി വർത്തിക്കും. രാഷ്ട്രീയകക്ഷികൾ തിരഞ്ഞെടുപ്പുകാലത്ത് അഴിമതി വിരുദ്ധ സമരത്തെ ഒരു തണലാക്കില്ലേ എന്നു ചോദിച്ചപ്പോൾ, അവർ ഇക്കാര്യത്തെ ഗൗരവപൂർവ്വം എടുക്കുന്നുണ്ടെങ്കിൽ പാർലിമെന്റിന്റെ ശീതകാല സമ്മേളനത്തിൽ തന്നെ ലോകപാൽ ബിൽ പാസാക്കും എന്നായിരുന്നു മറുപടി.

ബി.ജെ.പി. നേതാവായ എൽ. കെ. അദ്വാനി നടത്താൻ പോകുന്ന അഴിമതി വിരുദ്ധ ജാഥയെക്കുറിച്ച് ചോദിച്ചപ്പോൾ തങ്ങൾ അതിന്നു പിന്തുണ നൽകില്ലെന്ന് ഹസാരെ പറഞ്ഞു. അവർ ആദ്യം തന്നെ അവരുടെ ഭരണത്തിലുള്ള സംസ്ഥാനങ്ങളിൽ ലോകായുക്ത നിയമം നടപ്പാക്കട്ടെ എന്ന് അന്നാ ഹസാരെ നിർദ്ദേശിച്ചു. എന്നാലേ അഴിമതി വിരുദ്ധ യാത്ര അർത്ഥവത്താകൂ. പാർലിമെന്റ് മുമ്പാകെയുള്ള ജനലോകപാൽ ബില്ലിനെ പിന്താങ്ങുന്ന എല്ലാ പാർട്ടികൾക്കും തങ്ങൾ പിന്തുണ നൽകും. കേന്ദ്ര ഗവർമ്മേണ്ട് ഈ ബില്ലിന്ന് എതിരാണെങ്കിൽ അവർ അതും പറഞ്ഞ് പരസ്യമായി രംഗത്തു വരണം എന്ന് അദ്ദേഹം നിർദ്ദേശിച്ചു.

അഴിമതിക്കാരെ തൂക്കിക്കൊല്ലണമെന്നു പറയുന്ന താങ്കൾ, എങ്ങനെ ഒരു ഗാന്ധിയനാകും എന്ന് ഒരു ലേഖകൻ ചോദിച്ചു. ആ പറഞ്ഞ വാക്കുകൾ ഞാൻ മുമ്പു തന്നെ പിൻവലിച്ചിട്ടുണ്ടെന്നായിരുന്നു ഹസാരെയുടെ മറുപടി. ഗാന്ധിയൻ തത്വങ്ങൾക്ക് നിരക്കുന്നതല്ല തന്റെ പ്രസ്താവനയെന്ന് ചിലർ ചൂണ്ടിക്കാട്ടി. അതുകൊണ്ട് പിൻവലിച്ചു. അഴിമതിക്കാർക്ക് ജീവപര്യന്തം തടവുശിക്ഷ നൽകുകയാണ് വേണ്ടത് എന്ന് അദ്ദേഹം വിശദീകരിച്ചു.

ഹസാരെയുടെ അഴിമതി വിരുദ്ധ പ്രസ്ഥാനത്തിന്ന് സാമ്പത്തിക സഹായം നൽകുന്നത് ബഹുരാഷ്ട്ര കമ്പനികളല്ലേ എന്നും അതു "ശുദ്ധ"മായ ധനമാണോ എന്നും പ്രസിദ്ധ ഗ്രന്ഥകർത്രിയായ അരുന്ധതി റോയ് ചോദിച്ചത് ശ്രദ്ധയിൽ പെടുത്തിയപ്പോൾ താൻ ആ വശം നോക്കിയിട്ടില്ലെന്നായിരുന്നു ഹസാരെയുടെ മറുപടി. ഏതായാലും അഴിമതി വിരുദ്ധ പ്രസ്ഥാനത്തിന്നു വേണ്ടി ചെലവാക്കുന്ന പണം ഓഡിറ്റിങ്ങിന് വിധേയമാക്കുമെന്നും, ഒക്ടോബറോടെ ഓഡിറ്റ് റിപ്പോർട്ട് കിട്ടണമെന്നും താൻ പ്രസ്ഥാനത്തെ നയിക്കുന്നവരോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും അദ്ദേഹം തുടർന്നു പറഞ്ഞു.

അഴിമതി വിരുദ്ധ പ്രസ്ഥാനത്തിന്നുള്ള സംഭാവനകൾ കറയുള്ള ഉറവിടങ്ങളിൽനിന്നാണ് ലഭിച്ചതെന്നു കണ്ടാൽ, താനുടൻ ആ പ്രസ്ഥാനം വിടുമെന്നും അന്നഹസാരെ പറഞ്ഞു. "ഞാനെന്റെ സ്വഭാവ ശുദ്ധി എന്നും മലിനമാകാതെ സൂക്ഷിച്ചുപോന്നിട്ടുണ്ട്. അഴിമതി വിരുദ്ധ പ്രസ്ഥാനത്തിന്നുള്ള പണം വന്നത് കറപുരണ്ട ഭാഗങ്ങളിൽ നിന്നാണെന്നു കണ്ടാൽ ഞാനത് ഇഷ്ടപ്പെടില്ല; ഞാൻ ആ പ്രസ്ഥാനത്തിൽ തുടരുകയുമില്ല" എന്ന് അദ്ദേഹം പറഞ്ഞു.

തങ്ങൾക്കെതിരായി ഓരോന്ന് എഴുതിവിടുന്നവർ കറ പുരളാത്തവരായിക്കൊള്ളണമെന്നില്ലെന്നും, ഏതായാലും നിങ്ങൾ കാണുന്നതെല്ലാം നിങ്ങളുപയോഗിക്കുന്ന ചില്ലിന്റെ നിറമനുസരിച്ചായിരിക്കുമെന്നും അദ്ദേഹം തുടർന്നു പറഞ്ഞു.

പ്രധാനമന്ത്രി മൻമോഹൻസിങ്ങിനോടുള്ള എതിർപ്പ് അന്ന ഹസാരെ ആവർത്തിച്ചു. കോൺഗ്രസ് പ്രസിഡണ്ട് സോണിയാ ഗാന്ധിയുടെ വിദൂര നിയന്ത്രണത്തിലുള്ള ആളാണ് പ്രധാനമന്ത്രി. അദ്ദേഹം ഇന്ദിരാഗാന്ധിയെ കണ്ടു പഠിക്കണം. ഇന്ദിരാഗാന്ധി ഒരു ജനകീയ നേതാവായിരുന്നു. രാജ്യത്തിലെ ദരിദ്രർക്കുവേണ്ടിയാണ് അവർ പ്രവർത്തിച്ചിരുന്നത് എന്ന് ഹസാരെ പറഞ്ഞു.

---

കളിലെല്ലാം കോൺഗ്രസ്സുകാർ സ്വീകരിക്കാനെത്താറുണ്ട്. വണ്ടി നാഗപ്പൂരിലെത്തിയപ്പോൾ അവിടെ നൂറിൽപരം കോൺഗ്രസ്സുകാർ സ്വീകരണത്തിനെത്തിയിരുന്നു. ഗാന്ധിജി പതിവുപോലെ അനുയായികൾക്ക് "ദർശനം" നൽകാൻ പുറത്തുവന്നു. പക്ഷെ കോൺഗ്രസ്സുകാരുടെ തലയിലെല്ലാം യൂറോപ്യൻ മാതൃകയിലുള്ള തൊപ്പികളായിരുന്നു. ഗാന്ധിജിക്ക് അതു സഹിച്ചില്ല. യൂറോപ്യൻ തൊപ്പികളെല്ലാം അവിടെ വച്ചുതന്നെ ഊരികളയണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. അതനുസരിച്ച് മിക്കവരും തൊപ്പിയെടുത്തു കളഞ്ഞു. എന്നാൽ നാലു പേർ തൊപ്പിമാറ്റാൻ കൂട്ടാക്കിയില്ല. അത് അടിപിടിക്കിടയാക്കി.

എന്നാൽ ഗാന്ധിതൊപ്പിക്ക് ഏറ്റവുമധികം പ്രചാരമുണ്ടാക്കിയത് ഗാന്ധിയന്മാരല്ല, ബ്രിട്ടീഷുകാരാണ്. ഗാന്ധി തൊപ്പി ധരിച്ചവരെയെല്ലാം പോലീസ് തല്ലുമെന്നായി. തൊപ്പിയുമായി ഓഫീസിലെത്തുന്നവരെയെല്ലാം ഡിസ്മിസ് ചെയ്യും. ബ്രിട്ടീഷുകാരുടെ ഇത്തരം നടപടികൾ ഗാന്ധി തൊപ്പിക്ക് വമ്പിച്ച പ്രചാരമുളവാക്കി. തന്റെ തൊപ്പിക്ക് പ്രചാരമുണ്ടാക്കാൻ ഗാന്ധിജി ഈ അവസരത്തേയും കരുവാക്കി. സ്വരാജിന്നും സ്വദേശി പ്രസ്ഥാനത്തിന്നും ഗാന്ധിതൊപ്പി ഒരു പ്രതീകമായിത്തീർന്നു.

ഇന്ത്യ സ്വാതന്ത്ര്യം നേടിയതോടെ ഗാന്ധി തൊപ്പി പുതിയൊരു അവതാരം കൈക്കൊണ്ടു. ഗാന്ധി തൊപ്പി രാഷ്ട്രീയ പ്രവർത്തകരുടെ യൂനിഫോം മാത്രമായി. പലരും അതിനെ അറപ്പോടും വെറുപ്പോടും കൂടി തള്ളിക്കളഞ്ഞു. 1961ൽ ജയപ്പൂർ മഹാരാജാവ് എലിസമ്പത്ത് രാജ്ഞിക്കും എഡിൻബർഗ് പ്രഭുവിന്നും ഒരു സൽക്കാരം നൽകിയപ്പോൾ, ഗാന്ധി തൊപ്പിയുമായി ആരും സൽക്കാരത്തിന്നു വരരുതെന്ന് അറിയിപ്പു നൽകിയിരുന്നു.

ഗാന്ധിതൊപ്പിയെ രക്ഷിക്കാൻ നെഹ്റു കഴിയുന്നതെല്ലാം ചെയ്തുവെങ്കിലും ഫലമുണ്ടായില്ല. ഗാന്ധിതൊപ്പി ധരിച്ച ഗാന്ധിയെ കാണുന്നത് വിരളമാണെന്നതുപോലെ ഗാന്ധിതൊപ്പി ധരിക്കാത്ത നെഹ്റുവിനെ കാണുന്നതും അത്യപൂർവ്വമായിരുന്നു. ❑

# നീതിക്കുവേണ്ടി പത്തൊമ്പത് കൊല്ലം നീണ്ടുനിന്ന പോരാട്ടം

വാചാത്തി എന്നൊരു വാക്ക് നിങ്ങൾ കേട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ടു നീതിക്കുവേണ്ടിയുള്ള നീണ്ട പോരാട്ടത്തിന്റെ കഥ പ്രസിദ്ധീകരിച്ചില്ലെന്ന് നിങ്ങൾ നിങ്ങളുടെ പത്രാധിപരോട് ചോദിക്കണം. മറ്റുള്ളവരെയെല്ലാം ഉത്തരവാദിത്വം പഠിപ്പിക്കുന്ന പത്രാധിപന്മാർക്കും വേണ്ടേ ഒരല്പം ഉത്തരവാദിത്വം? നിങ്ങൾ വായിക്കുന്ന പത്രത്തിലെ വാർത്തയൊന്നും തൊട്ടടുത്ത ജില്ലയിലെ എഡിഷനിൽ കണ്ടെ വെന്നു വരില്ല. കാരണം നിങ്ങളുടെ പത്രാധിപരുടെ ഉത്തരവാദിത്വം ജില്ലാ അതിർത്തിയിൽ അവസാനിക്കുന്നു. വായനക്കാരൻ എന്ന ഒരു മൃഗമുണ്ടെന്നു നിങ്ങളുടെ പത്രാധിപർ കരുതുന്നുണ്ടാവില്ല.

ഞാനിത് വായിച്ചത് ഞാൻ വായിക്കുന്ന പത്രത്തിന്റെ പന്ത്രണ്ടാം പേജിലെ ഒരു അടിക്കുറിപ്പിലാണ്. വാചാത്തി കൂട്ടമാനഭംഗക്കേസിലെ 269 പ്രതികളും കുറ്റക്കാർ എന്ന നടുക്കിക്കളയുന്ന വാർത്തയാണ് എന്റെ ശ്രദ്ധ പിടിച്ചുനിർത്തിയത്. ലോകത്തിന്റെ അങ്ങേപുറത്തെങ്ങാനും കിടക്കുന്ന പ്രദേശമല്ല ഈ വാചാത്തി. നമ്മുടെ തൊട്ടടുത്ത സംസ്ഥാനത്തിലെ ഒരു പ്രദേശമാണ് അത്. എന്നിട്ടും ഈ ഇരുപതു കൊല്ലമായിട്ടും നമ്മളൊന്നും അറിഞ്ഞില്ല! നമ്മളെ അതറിയിക്കേണ്ട ഭാരം തങ്ങൾക്കുണ്ടെന്ന് നമ്മുടെ പത്രങ്ങൾ കരുതിയതുമില്ല.

കേസിതാണ്: വടക്കൻ തമിഴ്നാട്ടിലെ ധർമ്മപുരി ജില്ലയിലെ വാചാത്തി ഗ്രാമക്കാർ ചന്ദനമരം മുറിച്ചതായി അധികൃതർക്ക് വിവരം ലഭിച്ചു. ചന്ദനമരം മുറിക്കുന്നത് കുറ്റകരമാണ്. തങ്ങൾക്ക് കിട്ടിയ വിവരം ശരിയാണോ എന്ന് ഒന്നന്വേഷിച്ചു ഉറപ്പുവരുത്തേണ്ടതുണ്ടെന്നൊന്നും ആർക്കും തോന്നിയില്ല. ചത്തത് കീചകനെങ്കിൽ കൊന്നത് ഭീമൻതന്നെ എന്ന പ്രമാണമനുസരിച്ച് ഉദ്യോഗസ്ഥപ്പട ഒന്നാകെ കാട്ടിൽ ഇരമ്പിക്കയറി. വനം ഉദ്യോഗസ്ഥന്മാർ, പോലീസുകാർ, റവന്യൂ ഉദ്യോഗസ്ഥന്മാർ എന്നിരെല്ലാം വേട്ടയിൽ പങ്കെടുത്തു.

വാചാത്തി ഒരു വനമേഖലയാണ്. ആദിവാസികളാണ് അവിടെ ജീവിക്കുന്നത്. തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ ആരായാലും ശിക്ഷിക്കപ്പെടേണ്ടതാണെന്ന കാര്യത്തിലും സംശയമില്ല. പക്ഷെ അതിനെന്തിനാണ് ഇത്രവലിയൊരു സേനാവ്യൂഹം? വനം ഉദ്യോഗസ്ഥർക്ക് നടപടിയെടുക്കാവുന്നത്ര ലളിതമായ കേസല്ലേ ഇത്? അതുപോരെങ്കിൽ പത്തു പോലീസുകാരെ വിട്ടാൽ പോരേ? ഇതിനെല്ലാം പുറമെ റവന്യൂ ഉദ്യോഗസ്ഥന്മാർക്ക് ഇതിലെന്താണ് കാര്യം?

➡

കൂടിന്നു കേടു പറ്റിയതിനാൽ ഇളകി പുറപ്പെട്ട കടന്നലുകളെപ്പോലെ വനം-പോലീസ്-റവന്യൂ ഉദ്യോഗസ്ഥന്മാരെല്ലാം ഒന്നിച്ചിളകി പുറപ്പെട്ട് വാചാത്തി ഗ്രാമത്തെ ആക്രമിച്ചു. കാരണം, ചോദിക്കാനും പറയാനും ആരുമുണ്ടാവില്ലെന്ന് ഉദ്യോഗസ്ഥന്മാർക്ക് ധൈര്യമുണ്ടായിരുന്നു. പോരെങ്കിൽ നല്ല കന്യകമാർ ധാരാളമുള്ള മേഖലയുമാണത്.

ഈ പരാക്രമമെല്ലാം നടന്നത് 1992 ജൂൺ 20ന്നാണ്. വാചാത്തിയിലെ പുഴയിൽ കുറെ ചന്ദനമുട്ടികൾ കണ്ടെത്തിയെന്നാണ് ഉദ്യോഗസ്ഥന്മാർ പറയുന്നത്. മിന്നൽ പരിശോധനയുടെ പേരിൽ വാചാത്തിയിലെ ആദിവാസികളുടെ വീടുകളിലെല്ലാം കയ്യേറ്റം നടന്നു. നല്ല പെൺകുട്ടികളെല്ലാം ബലാത്സംഗത്തിന്നിരയായി. വീടുകളെല്ലാം തകർത്തു. വീട്ടു മൃഗങ്ങളെ കൊന്നു തിന്നു. ബലാത്സംഗത്തിന്നിരയായതായി 18 സ്ത്രീകൾ മൊഴി നൽകി.

ഇതു സംബന്ധിച്ച ചില വർത്തകൾ പുറത്തുവന്നപ്പോൾ ഗവർമ്മേണ്ട് അതെല്ലാം സമൂലം നിഷേധിച്ചു. വനംമന്ത്രി കെ.എ. ചെങ്കോട്ടയ്യൻ വാചാത്തിക്കാരെല്ലാം കാട്ടുകള്ളന്മാരാണെന്ന് ആരോപിച്ചു. (ഈ ചെങ്കോട്ടയ്യൻ ഇപ്പോൾ കൃഷികാര്യമന്ത്രിയായി വിലസുന്നു).വലിയ ഉദ്യോഗസ്ഥന്മാരടങ്ങിയ കേസാകയാൽ എല്ലാം ഒതുക്കി തീർക്കാനായിരുന്നു ശ്രമം. എന്നാൽ അന്നത്തെ മാർക്സിസ്റ്റ് പാർട്ടി ജനറൽ സെക്രട്ടറി എ. നല്ലശിവൻ മദ്രാസ് ഹൈക്കോടതിയിൽ ഒരു റിട്ട് ഹർജി സമർപ്പിച്ചു. ഹൈക്കോടതിയുടെ കല്പന പ്രകാരം ഈ ചന്ദനമോഷണക്കേസ് സി.ബി.ഐ.ക്ക് വിടേണ്ടിവന്നു.

സി.ബി.ഐ. കേസന്വേഷിച്ചപ്പോൾ കേസിൽ 269 ഉദ്യോഗസ്ഥരെ പ്രതിചേർത്തിരുന്നു. പ്രതികൾ ഉദ്യോഗസ്ഥരാകയാൽ കേസങ്ങനെ അറ്റമില്ലാതെ നീണ്ടുപോയി. ഒടുവിൽ ഈ സെപ്തംബറിൽ വിധിവന്നപ്പോൾ ശിക്ഷ ഏറ്റുവാങ്ങാൻ 215 പേരേ ജീവിച്ചിരിപ്പുണ്ടായിരുന്നുള്ളൂ. ബാക്കിയുള്ള 54 പേർ കാലയവനികക്കകത്ത് മറഞ്ഞു കഴിഞ്ഞിരുന്നു.

പ്രതികൾ ശിക്ഷിക്കപ്പെട്ടുവെന്നു മാത്രമല്ല, അക്രമങ്ങൾക്കിരയായവർക്ക് കോടതി നഷ്ടപരിഹാരവും നൽകിയിട്ടുണ്ട്. 54 പ്രതികൾ വിചാരമണക്കിടയിൽമരിച്ചതിന്നു പുറമെ കുറെ പേർ ഇതിന്നകം റിട്ടയർ ചെയ്തിട്ടുമുണ്ട്.

ഒന്നാം പ്രതി എം. ഹരികൃഷ്ണനാണ് ശിക്ഷിക്കപ്പെട്ടവരിൽ ഏറ്റം സീനിയർ. വനം വകുപ്പിലെ കൺസർവേറ്ററായി ഇയാൾ റിട്ടയിർ ചെയ്തുകഴിഞ്ഞു. ഇയാൾക്ക് മൂന്നു കൊല്ലത്തെ കഠിനതടവും 1000 രൂപ പിഴയും വിധിച്ചിട്ടുണ്ട്. വനം വകുപ്പിലെ 155 ഉദ്യോഗസ്ഥരും പോലീസിലെ 108 പേരും ശിക്ഷിക്കപ്പെട്ടവരിൽ പെടുന്നു.

> ഇരുപതു കൊല്ലത്തോളം നീണ്ടുപോയ ഇത്രയും ഭീകരമായ ഒരു കേസിൽ ഇരുന്നൂറിൽപരം ഉദ്യോഗസ്ഥന്മാർ ശിക്ഷിക്കപ്പെട്ടിട്ടും നമ്മുടെ പത്രങ്ങൾ പലതിലും ഇതിനെപ്പറ്റി ഒരു വാചകം പോലും പ്രത്യക്ഷപ്പെടാതിരുന്നതെന്തുകൊണ്ടാണെന്ന് പത്രാധിപരോടൊന്നു ചോദിക്കേണ്ട ബാധ്യത വായനക്കാർക്കുണ്ട്.

വായനക്കാർ അവരുടെ ഉത്തരവാദിത്വങ്ങളിൽനിന്നെല്ലാം പിന്മാറുന്നതാണ് നമ്മുടെ പത്രങ്ങളേയും പത്രാധിപരേയും ഉത്തരവാദിത്വ ബോധമില്ലാത്തവരാക്കുന്നത്. വിധികേൾക്കാൻ വലിയൊരു ജനക്കൂട്ടം തന്നെ കോടതിയിലെത്തിയുന്നു. ❑

---

അഴിമതി വിരുദ്ധ പ്രസ്ഥാനം സമഗ്രമാക്കാൻ ശ്രമിച്ചുവരുന്നുണ്ടെന്ന് ഹസാരെ പറഞ്ഞു. ദളിതുകൾ, ഗോത്രവർഗ്ഗക്കാർ, മർദ്ദിത ജനവിഭാഗങ്ങൾ എന്നിവരെയെല്ലാം അത് ഉൾക്കൊള്ളേണ്ടതുണ്ട്. ഇതിന്ന് ശുദ്ധമായ ആളുകളെ തേടുന്നുണ്ട്. ഒരാൾ ദളിതനാണെന്നതുകൊണ്ടുമാത്രം പ്രസ്ഥാനത്തിലെ അംഗമാക്കില്ല. പ്രസ്ഥാനത്തെ നയിക്കുന്ന കമ്മിറ്റിയിൽ ഇപ്പോൾ 20 പേരാണുള്ളത് ഇത് നാൽപ്പതാക്കി വർധിപ്പിക്കും. സമൂഹത്തിലെ എല്ലാ തലത്തിൽ പെട്ടവർക്കും അതിൽ പ്രാതിനിധ്യമുണ്ടാകും എന്ന് അന്ന ഹസാരെ പറഞ്ഞു. ❑

# ഗാന്ധിയാവാനൊന്നും താനില്ലെന്ന് ഹസാരെ

- അമൃത ബ്യാത്നൽ -

**പ**തിമൂന്നു ദിവസത്തെ ഉപവാസത്തിന്നു ശേഷം അന്ന ഹസാരെ സ്വന്തം ഗ്രാമമായ റലേഗവോൺ സിദ്ദിയിൽ വിശ്രമിച്ചുവരികയാണ്. ഈ വിശ്രമവേളയിൽ നടത്തിയ ഒരു അഭിമുഖ സംഭാഷണത്തിന്റെ സംഗ്രഹമാണ് ചുവടെ ചേർക്കുന്നത്. ആറു മാസം മുമ്പുവരെ മഹാരാഷ്ട്രത്തിലെ ഒരു സാമൂഹ്യ പ്രവർത്തകൻ മാത്രമായിരുന്ന ഹസാരെ ഇന്ന് ഒരു ദേശീയ മാതൃകാ പുരുഷനായി വളർന്നു കഴിഞ്ഞിരിക്കുന്നു.

**അമൃത:** ഇന്ത്യയിലെ രണ്ടാമത്തെ ഗാന്ധിയായിട്ടാണ് പലരും താങ്കളെ ചിത്രീകരിക്കുന്നത്. താങ്കൾക്ക് ഇതിനെപ്പറ്റി എന്തു തോന്നുന്നു.

**ഹസാരെ:** ഞാനൊരു ഗാന്ധിയൊന്നുമല്ല. ഗാന്ധിജിയുടെ അടുത്തെങ്ങാനും എത്താനുള്ള കഴിവ് എനിക്കുണ്ടെന്നും ഞാൻ കരുതുന്നില്ല. അദ്ദേഹത്തിന്റെ ജീവിതവും പ്രത്യയശാസ്ത്രവും ലോകത്തിൽ വലിയൊരു ആഘാതമുണ്ടാക്കിയിട്ടുണ്ട്. ഞാനെന്റെ ജീവിതത്തിൽ അദ്ദേഹത്തിന്റെ മൂല്യങ്ങളിൽ ചിലത് ഉൾക്കൊള്ളാൻ ശ്രമിക്കുന്നുവെന്നേയുള്ളൂ. എന്നെ ഗാന്ധിജിയുമായി താരതമ്യപ്പെടുത്താൻ ശ്രമിക്കരുതെന്ന് ഞാൻ ജനങ്ങളോട് അഭ്യർത്ഥിക്കുന്നു. അങ്ങനെ താരതമ്യപ്പെടുത്തുന്നത് ഗാന്ധിജിയുടെ മഹത്വത്തെ ലഘൂകരിക്കലാകും.

**അമൃത:** താങ്കളുടെ അഴിമതി വിരുദ്ധ പ്രസ്ഥാനത്തെ ചിലർ മാവോയിസ്റ്റ് പ്രസ്ഥാനവുമായി താരതമ്യപ്പെടുത്തുന്നുണ്ട്. ഭരണകൂടത്തെ അട്ടിമറിക്കലാണ് രണ്ടിന്റേയും ലക്ഷ്യമെന്ന് അവർ പറയുന്നു. അത് ശരിയാണോ?

**ഹസാരെ:** ഇതൊരു തെറ്റുധാരണയാണ്. ഞങ്ങൾക്ക് ഗവർമ്മേണ്ടുമായി ഒരു ഇടപാടുമില്ല. ജനകീയ പ്രശ്നങ്ങളിൽ അഴിമതി തടസ്സമുണ്ടാക്കരുതെന്നേ ഞങ്ങൾ പറയുന്നുള്ളൂ. അഴിമതി മൂലമാണ് വിലകളിങ്ങനെ വർധിക്കുന്നത്. അഴിമതികളെ പിഴുതെറിയാനാണ് ഞങ്ങൾ ശ്രമിക്കുന്നത്. ഞങ്ങൾ പോരാടുന്നത് ഗവർമ്മേണ്ടിനോടല്ല അഴിമതിയോടാണ്. ഞങ്ങൾ ഗവർമ്മേണ്ടിനെ അടച്ചാക്ഷേപിക്കുന്നില്ല; ശുദ്ധരായ ചില ആളുകളും ഗവർമ്മേണ്ടിലുണ്ട്.

**അമൃത:** ശുദ്ധരായ, സമാന മനസ്കരായ എല്ലാവരും പുറത്തുവന്ന് പുതിയൊരു സ്വതന്ത്ര പാർട്ടി രൂപീകരിക്കണമെന്ന് താങ്കൾ ഈയിടെ ആഹ്വാനം ചെയ്യുകയുണ്ടായല്ലൊ. അവതിൽ യഥാർത്ഥ്യ ബോധ്യമുണ്ടോ? അത് പ്രായോഗികമാണോ? ഇക്കാലത്ത് ഇതൊക്കെ നടക്കുമോ?

**ഹസാരെ:** അങ്ങനെ ശുദ്ധമായ ഒരു പാർട്ടി വേണമെന്ന് എനിക്കു തോന്നി. ഞാനതു തുറന്നു പറഞ്ഞു. അങ്ങനെയൊരു പാർട്ടി ഉണ്ടാകണമെന്നുതന്നെ ഞാൻ ആശിക്കുന്നു. സമാന മനസ്കർ ഒന്നിക്കുന്നതിലാണ് ഭാവി സ്ഥിതിചെയ്യുന്നത്. കക്ഷി രാഷ്ട്രീയംകൊണ്ട് കാര്യമില്ല. ഇന്ന് ഒരു പാർട്ടിയും ശുദ്ധമല്ല. പാർടിയേക്കാൾ വലുതാണ് രാജ്യമെന്ന വസ്തുത ആളുകൾ മറക്കുന്നു. മാത്രമല്ല, ചില രാഷ്ട്രീയക്കാർ പാർട്ടിയേക്കാൾ വലുതായി പോകുന്നുമുണ്ട്. ഈ കിടമത്സരത്തിന്നിടയിൽ രാജ്യകാര്യം മറന്നു പോകുന്നു. അതിനാൽ രാജ്യത്തിന്നു വേണ്ടി നല്ല ആളുകൾ ഒന്നിക്കണമെന്ന് എനിക്കു തോന്നി. അതല്ലെങ്കിലും ഞങ്ങളുടെ പ്രസ്ഥാനം സജീവമാണ്. ഞങ്ങൾ നല്ല ആളുകളെക്കൊണ്ട് സമ്മർദ്ദം ചെലുത്തും. അതാണിന്നാവശ്യം. ഇങ്ങനെ സമ്മർദ്ദം ചെലുത്തുന്നത് തെറ്റാണെന്നു പറയുന്നവരുമുണ്ട്. എന്നാൽ അവകാശങ്ങൾക്കുവേണ്ടി പോരാടാൻ ഭരണഘടന അനുമതി നൽകുന്നുണ്ട്.

**അമൃത:** ജനലോകപാൽ ബില്ലിനെ പാർലിമെന്റിൽ എതിർക്കുന്ന എം.പി. മാർക്കെതിരെ പ്രചരണത്തിന്നിറങ്ങുമെന്ന് താങ്കൾ പറയുകയുണ്ടായല്ലൊ. ആ എതിർപ്പ് മറ്റു ചിലർക്ക് ഗുണകരമായെന്നു വരില്ലേ?

**ഹസാരെ:** അഴിമതിക്കാരായ രാഷ്ട്രീയ നേതാക്കന്മാർ മനസ്സിലാക്കിയിരിക്കേണ്ട കാര്യമാണിത്. 1991 ൽപോലും ഞങ്ങൾ മഹാരാഷ്ട്രത്തിലെ കോൺഗ്രസ് ഗവർമ്മേണ്ടിന്നെതിരെ പ്രതിഷേധ സ്വരം ഉയർത്തി. അന്ന് ബി.ജെ.പി. ക്കാരുംശിവസേനക്കാരും മുതലെടുത്തു. പക്ഷെ ബി. ജെ.പി. - ശിവസേനാ സഖ്യം അധികാരത്തിൽ വന്നപ്പോൾ അവരും കോൺഗ്രസ്സിനെപ്പോലെത്തന്നെ അഴിമതിക്കാരായി മാറി.

ഏതെങ്കിലും രാഷ്ട്രീയ കക്ഷിയെ പിന്താങ്ങാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഞങ്ങളുടെ പ്രസ്ഥാനത്തിന്റെ ലക്ഷ്യം ഗവർമ്മേണ്ടിനെ വീഴ്ത്തലല്ലെന്ന് ഞങ്ങൾ പലതവണ പറഞ്ഞിട്ടുണ്ട്. എന്നാൽ ജനങ്ങളുടെ ഭാഷ, അവരുടെ വേദന മനസ്സിലാക്കാൻ ഗവർമ്മേണ്ടിന്നു കഴിയുന്നില്ലെങ്കിൽ ആ ഗവർമ്മേണ്ടിന്റെ പതനത്തിൽ ഖേദിക്കാൻ ആരുമുണ്ടാകില്ല. ഞങ്ങൾ പ്രതിഷേധ നടപടികൾ തുടരും. തങ്ങളുടെ ഉത്തരവാദിത്വം നിറവേറ്റാത്തതിനുള്ള ശിക്ഷയാണതെന്ന് രാഷ്ട്രീയക്കാരും മനസ്സിലാക്കും.



അന്ന ഹസാരെ

**അമൃത:** താങ്കൾ രാജ് താക്കറയേയും അദ്ദേഹത്തിന്റെ മറാഠി പ്രത്യയശാസ്ത്രത്തേയും പിന്താങ്ങുന്നുണ്ടോ? തുറന്നു പറയൂ.

**ഹസാരെ:** ഇല്ല. ഞാൻ രാജ് താക്കറയെ പിന്താങ്ങുന്നില്ല നമുക്ക് ഒരു ഏക ഭാരത സൃഷ്ടിക്കായി പ്രവർത്തിക്കേണ്ടതുണ്ട്. അപ്പോൾ ജനങ്ങൾ മറാഠികളാണോ ബീഹീറികളാണോ മദ്രാസികളാണോ എന്ന പ്രശ്നം ഉത്ഭവിക്കില്ല. അതല്ലാത്തപക്ഷം ഇന്ത്യ അനേകം തുണ്ടുകളായി തകർന്നു പോകും.

**അമൃത:** അഴിമതിയേക്കാൾ പ്രധാനമായ പല പ്രശ്നങ്ങളേയും നാം നേരിടുന്നില്ലേ?

**ഹസാരെ:** ഗവർമ്മേണ്ട് ഇതുമനസ്സിലാക്കുന്നില്ല. ദാരിദ്ര നിർമ്മാർജ്ജനത്തിന്ന് അഴിമതി നിവാരണം മാത്രം പോരാ. ഈ ഗ്രാമത്തിന്റെ കാര്യംതന്നെ നോക്കൂ. ഇവിടെ ജനങ്ങളിൽ എൺപത് ശതമാനവും പട്ടിണിക്കാരായിരുന്നു. ജനങ്ങൾ മദ്യശാലകളിലായിരുന്നു. ഭൂമിയാകെ തരിശായി കിട

ക്കുകയായിരുന്നു. ജനങ്ങൾക്ക് വല്ലപ ണിയും കിട്ടണമെങ്കിൽ പത്തു കിലോ മീറ്റർ നടക്കേണ്ടതുണ്ടായിരുന്നു. കല്ലു ടക്കലായിരുന്നു പ്രധാന ജോലി. വിക സന പ്രവർത്തനത്തിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനം നടത്തണം. വികസന പ്രവർത്തനവും അഴിമതി നിർമ്മാർജ്ജ നവും ഒന്നിച്ചു നടക്കണം. അതുകൊ ണ്ടാണ് അഴിമതിക്കെതിരായ പോരാ ട്ടത്തെ ഞങ്ങൾ മറ്റു പരിഷ്ക്കരണ നട പടികളുമായി കൂട്ടിയിണക്കുന്നത്.

**അമൃത:** നിങ്ങളുടെ ഗ്രാമത്തിലെ പ്രവർത്തനങ്ങൾക്കായി വ്യവസായിക ളിൽനിന്നോ അന്താരാഷ്ട്ര സംഘടന കളിൽനിന്നോ പണം സ്വീകരിച്ചിട്ടി ല്ലെന്നു നിങ്ങൾ പറയുകയുണ്ടായി. എന്നാൽ അഴിമതി വിരുദ്ധ പ്രസ്ഥാന ത്തിന് ഈ കേന്ദ്രങ്ങളിൽ നിന്നെല്ലാം പണം സ്വീകരിച്ചിട്ടുണ്ടല്ലൊ.

**ഹസാരെ:** ഈ ആരോപണം മൂല മാണ് ഏപ്രിൽ മുതൽ സെപ്തംബർ വരെയുള്ള കാലഘട്ടത്തിലെ കണ ക്കെല്ലാം ഓഡിറ്റ് ചെയ്യാൻ ഞാൻ നിർദ്ദേശിച്ചിരിക്കുന്നത്. ക്രമക്കേട് കണ്ടെത്തിയാൽ, കള്ളപ്പണം സ്വീകരി ച്ചതായി കണ്ടാൽ, ഞാനിതിൽനിന്ന് പിന്മാറും.

**അമൃത:** താങ്കളുടെ പ്രസ്ഥാനത്തോട് ഗവർമ്മേണ്ട് ഇങ്ങനെ പെട്ടെന്നു പ്രതി കരിച്ചത് അതിന്നു ലഭിച്ച വലിയ മാധ്യമ പ്രചാരംകൊണ്ടുകൂടിയാണ്. മാവോയി സ്റ്റുകൾ ചില ആവശ്യങ്ങൾ ഉന്നയിച്ച പ്പോൾ ഗവർമ്മേണ്ട് ഇങ്ങനെ പ്രതിക രിക്കാതിരുന്നതെന്തുകൊണ്ടാണ്. ഗവർമ്മേണ്ട് വിചാരിച്ചിരുന്നുവെങ്കിൽ, അവർ ആയുധമെടുക്കുന്നത് തടയാമാ യിരുന്നുവെന്ന് താങ്കൾ കരുതു ന്നുണ്ടോ?

**ഹസാരെ:** ആരാണവരെ ആയുധമെ ടുക്കാൻ നിർബന്ധരാക്കിയത്? മാവോ യിസ്റ്റുകളുടെ ആവശ്യങ്ങളോട് ഗവർമ്മേണ്ട് ശരിയായ വിധത്തിൽ പ്രതി കരിച്ചിരുന്നുവെങ്കിൽ, മാവോയിസ്റ്റുകൾ ഹിംസാമാർഗ്ഗം സ്വീകരിക്കുകയില്ലായി രുന്നു. ജനലോകപാൽ കാര്യത്തിൽ മാധ്യമങ്ങൾ വെറുമൊരു ഫക്കീറായ എന്നോടിത്ര ഔദാര്യം കാണിച്ചതെന്തു കൊണ്ടാണെന്ന് എനിക്കറിയില്ല.

**അമൃത:** ജനലോകപാൽ ബില്ലിനെ എതിർക്കുന്നവരെല്ലാം അഴിമതിക്കാരാ ണെന്ന ഒരു ധാരണയുളവായിട്ടുണ്ട്. ചില കാര്യങ്ങളിൽ ചിലർക്ക് വ്യത്യസ്ത മായ അഭിപ്രായം ഉണ്ടായിക്കൂടെ ന്നുണ്ടോ?

**ഹസാരെ:** അതെന്തുമാകട്ടെ ഭൂരി പക്ഷ പിന്തുണ ഞങ്ങൾക്കാണെന്ന് ഉറ പ്പാണ്. നമ്മുടേത് ഒരു ജനാധിപത്യ സംവിധാനവുമാണ്. അരുണ റോയി യുടെ അഭിപ്രായങ്ങളേയും ഞങ്ങൾ പരിഗണിക്കുകയുണ്ടായി. എന്നാൽ ജന ങ്ങൾ ഞങ്ങളുടെ ബില്ലിനെയാണ് പിന്താങ്ങുന്നത്. അന്ന ഹസാരെ അങ്ങനെ പറഞ്ഞുവെന്നതുകൊണ്ടല്ല അവരതിനെ പിന്താങ്ങുന്നത്. ജനങ്ങൾ പറയുന്നതെന്താണെന്ന് നോക്കേണ്ടതു ണ്ട്. ജനലോകപാൽ ബില്ലിനെ പിന്താ ങ്ങാനാണ് കോടിക്കണക്കിന് ജനങ്ങൾ ഒത്തുചേർന്നത്.

**അമൃത:** താങ്കളുടെ ബില്ലിനെ പിന്താ ങ്ങാൻ തെരുവിലിറങ്ങിയവർ ഇടത്തര ക്കാർ മാത്രമാണെന്ന് വിമർശനമുണ്ട ല്ലൊ.

ഹസാരെ: ആരെല്ലാം ഞങ്ങളെ പിന്താങ്ങി എന്ന് കാണാത്തവരാണ് അങ്ങനെയൊക്കെ പറയുന്നത്. ജന ങ്ങൾ കടുത്ത ദുരിതത്തിലാണ് ജീവി ക്കുന്നത്.അതാകട്ടെ അഴിമതി മൂലവു മാണ്. തെരുവിലിറങ്ങി പ്രകടനം നട ത്തിയവർ ദരിദ്രരാണ്. ഞങ്ങളുടെ സത്യാഗ്രഹം ഒന്നു നൊക്കൂ. എയർ കണ്ടീഷൻ ചെയ്ത കാറിൽ നഗരത്തിൽ ചുറ്റിയടിക്കുന്നവരൊന്നുമായിരുന്നില്ല അവർ.

(അന്ന ഹസാരെ വിശ്രമിച്ചുവരികയാ ണ്. പ്രക്ഷോഭണത്തിന്നു വേണ്ട തന്ത്ര ങ്ങൾ ആവിഷ്കരിക്കാൻ അദ്ദേഹം ശ്രമിച്ചുവരുന്നു.) ❑

# ജ്യേഷ്ഠനോ അനുജനോ?

**കേ**രളത്തിലെ വനങ്ങളിൽ അതിഭീമന്മാരെന്നു വിശേഷിപ്പിക്കാവുന്ന ഒമ്പത് തേക്കുകൾ വളരുന്നുണ്ട്. ഇവയിൽ രണ്ടെണ്ണം ജ്യേഷ്ഠാനുജ പദ വികൾക്കായി മത്സരിക്കുന്നു.

പാലക്കാട് ചുരത്തിന്ന് തെക്കുഭാഗത്തുള്ള വനങ്ങൾ കാര്യമായി നശി പ്പിക്കപ്പെട്ടിട്ടില്ല. റെയിൽവേ ലൈൻ ഷൊർണൂർ വഴി മംഗലാപുരത്തേക്കു നീണ്ടുപോയി. മലബാറാണല്ലോ ബ്രിട്ടീഷ് അധീനത്തിലുണ്ടായിരുന്നത്. ചുരത്തിന്റെ തെക്കുഭാഗം കൊച്ചിയും തിരുവിതാംകൂറുമായിരുന്നു. കൊച്ചി യിൽ റെയിൽവെ ലെയിൻ വന്നു. വനങ്ങളിൽ വലിയൊരു ഭാഗം നശിപ്പി ക്കപ്പെടുകയും ചെയ്തു.

ചൂഷണം ചെയ്യാവുന്നിടത്തോളം വനവിഭവങ്ങൾ ബ്രിട്ടീഷുകാർ കൊണ്ടുപോയെങ്കിലും പറമ്പിക്കുളത്തെ കന്നിമാരതേക്ക് കയ്യെത്താത്ത വിധത്തിൽ അവശേഷിച്ചിരുന്നു. അതുപോലെ എടമലയാറിന്റെ സമീ പത്ത് ഒരു ഡസനോളം കൂറ്റൻ തേക്ക് മരങ്ങൾ നിൽപ്പുണ്ട്. ഇവയിൽ പ്രതാപി കപ്പയം തേക്കാണ്.



കപ്പയം തേക്ക്

കന്നിമാര തേക്കിന്നും കപ്പയം തേക്കിന്നും ഏതാണ്ട് 500 കൊല്ലത്തെ മൂപ്പുണ്ട്. കന്നിമാര തേക്കിന്ന് 48.5 മീറ്റർ ഉയരമുണ്ടെ ങ്കിൽ കപ്പയം തേക്കിന്ന് 38.5 മീറ്ററേ ഉയരമുള്ളൂ. ഉയരം കൊണ്ട് കന്നിമര തേക്കാണ് മുൻപന്തിയിലെങ്കിൽ വണ്ണം കൊണ്ട് ഒന്നാം സ്ഥാനത്ത് നിൽക്കുന്നത് കപ്പയം തേക്കാ ണ്. കപ്പയം തേക്കിന്ന് 7.75 മീറ്റർ വണ്ണമുണ്ടെങ്കിൽ കന്നി മാറ തേക്കിന്ന് 6.67 മീറ്റർ വണ്ണ മേയുള്ളൂ.

കുറച്ചുകാലം മുമ്പ് ഈ തേക്കുകളിലൊന്ന് മുറിച്ചു കട ത്താൻ ശ്രമം നടന്നതിനാൽ ഇപ്പോൾ തേക്കിന്ന് "അംഗരക്ഷ "കരെ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ തേക്കുകളെല്ലാം ഇപ്പോൾ സ്വാഭാവിക നിലയിൽ വളർന്നുവലുതായിക്കൊണ്ടിരിക്കുന്നു. സമീപ ത്തുള്ള ജലസംഭരണികളാണ് ഇവയെ വളരാൻ സഹായിക്കുന്നതെന്നു കരുതപ്പെടുന്നു. ❑

# അഴിമതിക്കേസിൽകോൺഗ്രസ്സും ബി.ജെ.പി.യും ഒപ്പത്തിനൊപ്പം

- നീലാഭ മിശ്ര -

**അ**ഴിമതി പോലുള്ള ഒരു സുപ്രധാന പ്രശ്നത്തിൽ കള്ളക്കളി നടത്തുന്നതുമൂലം ഇന്ത്യയിലെ രണ്ടു പ്രധാന കക്ഷികളും - കോൺഗ്രസ്സും, ബി.ജെ.പി.യും - രാഷ്ട്രീയ ഗതികേടിൽ ചെന്നു ചാടിയിരിക്കുകയാണ്. അന്ന ഹസാരെയുടെ സമര രീതികളോട് പലർക്കും വിയോജിപ്പുണ്ടെങ്കിലും ഇന്ത്യയിലെ ഇടത്തരക്കാരേയും സദാചാര പ്രേമികളേയും അദ്ദേഹത്തിന്ന് ആകർഷിക്കാൻ കഴിഞ്ഞുവെന്നതിൽ സംശയമില്ല. പ്രത്യയശാസ്ത്രപരമായി പല സംശയങ്ങളും അവശേഷിക്കുന്നുണ്ടെങ്കിലും അഴിമതിയെന്നത് എല്ലാവരേയും ബാധിക്കുന്നൊരു പ്രശ്നമാകയാലാണ് ഇത്രയും പേരെ ഹസാരേക്ക് തന്റെ ചുറ്റും അണിനിരത്താൻ കഴിഞ്ഞത്. ഹസാരെയേയും അദ്ദേഹത്തോടൊപ്പം നേതൃത്വ മണ്ഡലത്തിൽ നിൽക്കുന്നവരേയും മാത്രമല്ല, അദ്ദേഹത്തിന്റെ ജനലോകപാൽ ബില്ലിനെക്കുറിച്ചും പലർക്കും പലവിധ ശങ്കകളുമുണ്ടെങ്കിലും ശരി, അഴിമതി അതി ഗുരുതരമായ ഒരു പ്രശ്നമാകയാൽ അവർ മറ്റെല്ലാ ആശങ്കകളേയും മാറ്റിവച്ചിരിക്കുകയാണ്.

കോൺഗ്രസ്സാകട്ടെ, സമാധാനപരമായി പ്രതിഷേധ പ്രകടനം നടത്താനുള്ള ഹസാരേയുടെ അവകാശത്തോടുപ്പോലും അല്പത്തരമാണ് കാണിച്ചത്. ഇത് രാജ്യത്താകെയുള്ള സകല ജനാധിപത്യ വിശ്വാസികളുടേയും വെറുപ്പ് സമ്പാദിച്ചുകൊടുത്തു. അഴിമതിക്കാര്യത്തിൽ ഗവർമ്മേണ്ടാകെ സംഭ്രാന്തമായിരിക്കുകയാണെന്ന ഒരു തോന്നൽ ജനങ്ങളിലെല്ലാം ഉളവാക്കി. ഗവർമ്മേണ്ട് തയ്യാറാക്കിയിരിക്കുന്ന ലോകപാൽ ബില്ലിൽ അശേഷം ആത്മാർത്ഥതയില്ലെന്നും ഇത് വരുത്തിക്കൂട്ടി.

ഗവർമ്മേണ്ടിന്റെ രാഷ്ട്രീയകളി തന്നെ ഇവിടെ പൊളിഞ്ഞു പാളീസാകുന്നു. ഹസാരേയേയും കൂട്ടുകാരേയും കൂട്ടത്തോടെ അറസ്റ്റ് ചെയ്ത നടപടി, ഗവർമ്മേണ്ട് അവർക്കൊരു പ്രഭാമണ്ഡലം ഉണ്ടാക്കിക്കൊടുത്തു. അങ്ങനെ, അവരെല്ലാം പൊതുജനദൃഷ്ടിയിൽ വീരപുരുഷന്മാരായി. ഈ പ്രക്രിയമൂലം ബി.ജെ.പിക്ക് മൂൻപന്തിയിൽതന്നെ ഒരു സ്ഥാനമുണ്ടാക്കിക്കൊടുക്കുകയും ചെയ്തു. കർണാടകത്തിലേയും ഹിമാചല പ്രദേശിലേയും ഉത്തർഖണ്ഡിലേയും അഴിമതികളിൽ ആറാടി കിടന്നിരുന്ന അവർക്ക് അവരുടെ പഴയ സൽപേര് വീണ്ടെടുക്കാനും ഇത് ഉപകരിച്ചു. ഹസാരേയുടേയും കൂട്ടുകാരുടേയും അഴിമതി വിരുദ്ധ സമരത്തിന്റെ മുന്നണിയിൽ തന്നെയാണ് തങ്ങളുടെ സ്ഥാനമെന്നു വരുത്തിത്തീർക്കാനും ഇത് സഹായിച്ചു.(ഹസാരേയും കൂട്ടുകാരും അത് ഇഷ്ടപ്പെട്ടിരുന്നുവോ ഇല്ലയോ എന്നതൊരു പ്രശ്നമല്ല) ആകെ തമ്മിൽതല്ലി കഴിഞ്ഞിരുന്ന പഴയ എൻ.ഡി.എ. സഖ്യകക്ഷികൾക്കും മറ്റു പ്രതിപക്ഷ കക്ഷികൾക്കും ഒന്നിച്ചണിനിരക്കാനൊരു വേദി കൂടി ഇത് ഉണ്ടാക്കിക്കൊടുത്തു.

അന്ന ഹസാരെയുടെ പേരിൽ ചില പഴയ ആരോപണങ്ങളുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ട്രസ്റ്റുകളിൽ ചില ക്രമക്കേടുകൾ ആരോപിതമായിരുന്നു. ആറുകൊല്ലം മുമ്പ് ജ. സാവന്ത് കമ്മീഷൻ ചൂണ്ടിക്കാണിച്ച ക്രമക്കേടുകളാണിവ. ഈ ട്രസ്റ്റുകളിലുള്ള ഹസാരേയുടെ ചില കൂട്ടുകാർക്കെതിരേയും ആരോപണങ്ങൾ ഉയർന്നുവന്നിരുന്നു. പക്ഷെ രണ്ടരലക്ഷം രൂപയുടെ ഈ ക്രമക്കേടുകൾ കോൺഗ്രസ്സ് ഗവർമ്മേണ്ടിന്റെ കോടാനുകോടി വരുന്ന ക്രമക്കേടുകൾക്കുമുന്നിൽ നിഷ്പ്രഭമായിത്തീർന്നു.

അന്ന ഹസാരെയേയും കൂട്ടുകാരേയും ചർച്ചകളിൽ കൂടുക്കിയിടലായിരുന്നു കോൺഗ്രസ്സിന്റെ മുന്നിലുണ്ടായിരുന്ന ഏറ്റവും നല്ല പോംവഴി. സർക്കാർ തയ്യാറാക്കിയിരുന്ന ലോകപാൽ ബില്ലിൽ ഓരോ കഷ്ണം ഭേദഗതികൾ സ്വീകരിച്ചുകൊണ്ട് ചർച്ചയങ്ങനെ അനന്തമായി നീട്ടിക്കൊണ്ടു പോകാമായിരുന്നു. അപ്പോൾ ജനങ്ങൾക്കതിൽ കൂടുതൽ വിശ്വാസം തോന്നുമായിരുന്നു.

ബി.ജെ.പി. യാകട്ടെ ഇപ്പോൾ ആകെ കുടുങ്ങി കിടപ്പാണ്. കോൺഗ്രസ് പറ്റിച്ച മണ്ടത്തരങ്ങൾ ബി.ജെ.പി. ക്ക് ഒരു പുഞ്ചിരിക്ക് വക നൽകിയിട്ടുണ്ടാകാം. എന്നാൽ രണ്ടു വഞ്ചിയിലും കാൽവച്ചുള്ള ഈ യാത്ര അധികം കാലം തുടരാനാവില്ല. സർക്കാരിന്റെ ലോകപാലിനെയാണോ അതോ ഹസാരേ ടീമിന്റെ ലോകപാലിനെയാണോ തങ്ങൾ പിന്താങ്ങുന്നതെന്ന് ബി.ജെ.പി. ഇനിയും തുറന്നു പറഞ്ഞിട്ടില്ല. അതുമല്ലെങ്കിൽ ലോകപാൽ ബില്ലിൽ ഉൾപ്പെടുത്തേണ്ട ഏതെങ്കിലും വ്യവസ്ഥയും അവൾ ചൂണ്ടിക്കാണിച്ചിട്ടില്ല. കോൺഗ്രസ്സിന്റെ അഴിമതിയെക്കുറിച്ച് ചില ബഹളങ്ങൾ ഉണ്ടാക്കുക മാത്രമാണ് ഇതുവരെ ബി.ജെ.പി. ചെയ്തിട്ടുള്ളത്. ബി.ജെ.പി. ഭരിക്കുന്ന കർണാടകത്തിലേയും മറ്റു സംസ്ഥാനങ്ങളിലേയും അഴിമതികൾ കോൺഗ്രസ്സിന്റെ അഴിമതിയോട് കിടപിടിക്കുന്നവയുമാണ്.

1970 കളിൽ ജയപ്രകാശ് നാരായണന്റെ നേതൃത്വത്തിലും 1980 കളിൽ വി.പി. സിങ്ങിന്റെ നേതൃത്വത്തിലും ഉണ്ടായ അഴിമതി വിരുദ്ധ പ്രക്ഷോഭങ്ങൾ ഓർമ്മയുണ്ടോ? രണ്ടും എങ്ങുമെത്താതെ നീണ്ടുപോയി. അഴിമതിക്കെതിരായ രാഷ്ട്രീയ സമരങ്ങൾ അങ്ങനെ നീണ്ടു പോകുന്നവയാണ്. 1970 കളിൽ ജയപ്രകാശ് നയിച്ച അഴിമതി വിരുദ്ധ സമരമാണ് മൊറാർജി ദേശായിയെ അധികാരത്തിലെത്തിച്ചത്. 1950 കളിലെ ബോഫോഴ്സ് പ്രക്ഷോഭണം വി.പി. സിങ്ങിനേയും അധികാരത്തിലെത്തിച്ചു. അതായത് കാര്യമായ കറപുരളാത്തവരെയാണ് ഈ സമരങ്ങളെല്ലാം അധികാരത്തിലെത്തിച്ചത്. ഒരു അഴിമതി വിരുദ്ധ പ്രക്ഷോഭണത്തിലൂടെ അധികാരത്തിലെത്താൻ ബി.ജെ.പി.യിൽ ആരുണ്ട്? യെഡ്യൂരപ്പ? നരേന്ദ്രമോഡി? ചില ത്യാഗങ്ങൾ സഹിക്കാൻ ബി.ജെ.പി. തയ്യാറാകേണ്ടതുണ്ട്. ❏

# ആർക്കും വേണ്ടാത്ത പന്ത്രണ്ടാം പ്രധാനമന്ത്രിയെപ്പറ്റി

**- കല്യാണി ശങ്കർ -**

**പി**.വി. നരസിംഹറാവു ഇന്ത്യയുടെ പന്ത്രണ്ടാമത്തെ പ്രധാനമന്ത്രിയായത് വിധിവിഹിതമാണെന്നേ പറയാൻ പറ്റൂ. 1991 ജൂൺ 21നാണ് റാവു പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തത്. രാജീവ്ഗാന്ധിയുടെ വധത്തിന്റെ പശ്ചാത്തലത്തിലായിരുന്നു അത്. എന്നാൽ തലേ ദിവസം പോലും ആരാകും പ്രധാനമന്ത്രിയെന്നതിനെപ്പറ്റി ആർക്കും ഒരെത്തും പിടിയുമില്ലായിരുന്നു. തിരഞ്ഞെടുപ്പു പ്രചരണ രംഗത്ത് അന്ന് രാജീവ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. കോൺഗ്രസ്സുകാരിൽ പലരും സോണിയ പ്രധാനമന്ത്രിയാകണമെന്ന് വാശിപിടിച്ചുകൊണ്ടിരുന്നു. എന്നാൽ അതേ സോണിയാഗാന്ധി തന്നെയാണ് പ്രധാനമന്ത്രി സ്ഥാനത്തേക്ക് നരസിംഹറാവുവിന്റെ പേർ നിർദ്ദേശിച്ചത്.

ഇതുപോലെത്തന്നെയുള്ള ഒരു വിധിവിഹിതമാണ് മൻമോഹൻ സിങ്ങിനെ ധനകാര്യ മന്ത്രിയാക്കിയതും. നരസിംഹറാവു ധനകാര്യമന്ത്രി സ്ഥാനത്തേക്ക് ആദ്യം നിർദ്ദേശിച്ചത് ഐ.ജി. പട്ടേലിന്റെ പേരായിരുന്നു. പട്ടേൽ അന്ന് ലണ്ടൻ സ്കൂൾ ഓഫ് എക്കണോമിക്സിന്റെ ഡയറക്ടറായിരുന്നു. ധനകാര്യമന്ത്രി സ്ഥാനം സ്വീകരിക്കാൻ പട്ടേൽ വിനയപൂർവ്വം വിസമ്മതിക്കുകയാണുണ്ടായത്. വാസ്തവം പറഞ്ഞാൽ പിന്നൊരിക്കൽകൂടി ഈ തിരസ്കരണമുണ്ടായി. ലണ്ടൻ സ്കൂൾ ഓഫ് എക്കണോമിസ്കിന്റെ ഡയറക്ടർ സ്ഥാനത്തുനിന്ന് റിട്ടയിർ ചെയ്തശേഷം പട്ടേൽ ഇന്ത്യയിൽ തിരിച്ചെത്തിയപ്പോൾ നരസിംഹറാവു പട്ടേലിന്ന് വാണിജ്യകാര്യമന്ത്രിയുടെ പദവി നൽകാമെന്നു പറഞ്ഞതാണ്. പട്ടേൽ അതും വിനയപൂർവ്വം തിരസ്കരിച്ചു.

നരസിംഹറാവു തന്റെ മന്ത്രിസഭക്ക് രൂപം നൽകാൻ ശ്രമിക്കുന്നതിന്നിടയിൽ മൻമോഹൻസിങ്ങിനെ ഫോണിൽ വിളിച്ച് ധനകാര്യമന്ത്രിപദം ഓഫർ ചെയ്തു. എന്താണതിന്നു കാരണം. തന്നേക്കാൾ മുതിർന്ന പല ധനകാര്യ വിദഗ്ധരും ലഭ്യമായിരുന്നിട്ടും അവരിലാരേയും തിരഞ്ഞെടുക്കാതെ റാവു സാമ്പത്തിക കാര്യ വിദഗ്ധന്മാരെ തേടിയതിന്റെ കാരണം രണ്ടായിരുന്നു.

തന്റെ മുൻഗാമിയായ ചന്ദ്രശേഖർ സൃഷ്ടിച്ചുവച്ചുപോയ ധനകാര്യ കുഴപ്പത്തിൽ നിന്നും ഇന്ത്യയെ കരകയറ്റാൻ അന്താരാഷ്ട്ര തലത്തിൽ വിശ്വസനീയനായ ഒരാളെ റാവുവിന്നു ആവശ്യമായിരുന്നു. റാവു അധികാരമേൽക്കുമ്പോൾ ഇന്ത്യയുടെ വിദേശനാണയ ശേഖരം മുമ്പോരിക്കലും ഉണ്ടായിട്ടില്ലത്ത്ര ശുഷ്കമായിരുന്നു. രണ്ടോ നാലോ ആഴ്ചയിലെ ഇറക്കുമതിക്ക് വേണ്ട വിദേശനാണയ കരുതൽ മാത്രമേ അവശേഷിച്ചിരുന്നുള്ളൂ. ആഭ്യന്തരമായ ചെലവു ചുരുക്കൽ നടപടികൾക്ക് പൊതു ജനപിന്തുണ ലഭിക്കുമായിരുന്നില്ല.

രണ്ടാമതായി മൻമോഹൻ സിങ്ങിനെ മർമ്മ സ്ഥാനത്ത് വാഴിച്ചാലും നരസിംഹറാവുവിന്റെ കസേരക്ക് ഇളക്കം തട്ടുമായിരുന്നില്ല. രാഷ്ട്രീയമായി മൻമോഹൻ സിങ് ആരുമായിരുന്നില്ല. അതിന്നു തൊട്ടുമുമ്പ് രാജീവ് ഗാന്ധി വി.പി. സിങ്ങിനെ മർമ്മസ്ഥാനത്തുവാഴിച്ചപ്പോഴാണ് വി.പി.സിങ് രാജീവ് ഗാന്ധിയുടെ കസേര പിടിച്ചു കുലുക്കി കളഞ്ഞത്. മൻമോഹൻ സിങ്ങിൽനിന്ന് റാവുവിന്ന് അത്തരമൊരു ഭീഷണി ഉണ്ടാകുമായിരുന്നില്ല. കാരണം, മൻമോഹൻസിങ് രാഷ്ട്രീയമായി ആരുമായിരുന്നില്ല.

അന്താരാഷ്ട്ര നാണയനിധിയും ലോകബാങ്കും അതിന്നകം തന്നെ ഉദാരവല്ക്കരണത്തിന്നുള്ള അടിസ്ഥാനപരമായ ചട്ടക്കൂട് ഇന്ത്യയുടെ തലയിൽ കെട്ടിവച്ചു കഴിഞ്ഞിരുന്നു. ആ കർമ്മം പൂർത്തിയാക്കാൻ റാവു മൻമോഹൻ സിങ്ങിന്ന് സകല പിന്തുണയും നൽകുകയും ചെയ്തു.

നരസിംഹ റാവു കോൺഗ്രസ് പ്രസിഡണ്ടായിരുന്നു; കോൺഗ്രസ് പാർലിമെന്ററി പാർട്ടിയുടെ തലവനായിരുന്നു. പ്രധാനമന്ത്രിയുമായിരുന്നു. പ്രതിപക്ഷക്കാരും കോൺഗ്രസ്സിന്നകത്തെ എതിരാളികളും മൻമോഹൻ സിങ്ങിനെ കാര്യമാക്കിയിരുന്നില്ല. നരസിംഹറാവുനിന്റെ ഒരു സൃഷ്ടിയായി മാത്രമേ അവർ മൻമോഹൻ സിങ്ങിനെ കണ്ടിരുന്നുള്ളൂ. റാവുവിന്റേത് യഥാർത്ഥത്തിൽ ഒരു ന്യൂനപക്ഷ ഗവർമ്മേണ്ട് മാത്രമായിരുന്നു. അതിനാൽ സാമ്പത്തിക പരിഷ്ക്കാരങ്ങൾ നടപ്പാക്കുന്നത് വിഷമകരവുമായിരുന്നു. കോൺഗ്രസ് പാർലിമെന്ററി പാർട്ടിയിൽതന്നെ ഈ നയങ്ങളെ രൂക്ഷമായി എതിർക്കുന്നവർ ഏറെയുണ്ടായിരുന്നു. ഗവർമ്മേണ്ട് നെഹ്റുവിന്റെ നയങ്ങളെ കൈവെടിയുന്നതായി അർജ്ജുൻസിങ്ങിനെപ്പോലെയുള്ള പല സീനിയർ മന്ത്രിമാരും പാർലിമെന്ററി പാർട്ടിയോഗങ്ങളിൽ ആക്ഷേപിക്കാറുണ്ടായിരുന്നു. ഇടതുപക്ഷകക്ഷികളും ബി.ജെ.പി. യെപ്പോലെയുള്ള പ്രതിപക്ഷകക്ഷികളും ഉദാരവത്ക്കരണ നയത്തെ എതിർത്തുപോന്നു. ഈ ഘട്ടങ്ങളിലെല്ലാം മൻമോഹൻസിങ്ങിനെ "സംരക്ഷിച്ചു" പോന്നിരുന്നത് പ്രധാനമന്ത്രി നരസിംഹറാവുവായിരുന്നു. എതിർപ്പ് അതിന്റെ മൂർധന്യദശകളെ പ്രാപിച്ച പല അവസരങ്ങളിലും മൻമോഹൻസിങ് രാജിക്കത്ത് കൊടുത്തിരുന്നു. റാവു അതെല്ലാം കൊട്ടയിലിടുകയാണ് പതിവ്.

സ്ഥൂല സാമ്പത്തിക കുഴപ്പത്തിൽനിന്ന് കരകയറാൻ റാവുവിന്റെ ഗവർമ്മേണ്ടിന്ന് രണ്ടുകൊല്ലം വേണ്ടിവന്നു. അടുത്തനാലുകൊല്ലം (1993-1996) ഇന്ത്യൻ വ്യവസായിക മേഖല കുതിച്ചുകയറുകയായിരുന്നു. എന്നാൽ ആദ്യത്തെ നിവേശങ്ങളോടുകൂടി സാമ്പത്തിക നയപരിഷ്കാരത്തിന്റെ ഊക്കു കുറഞ്ഞു. നരസിംഹറാവുവിന്റെ സ്വദേശമായ ആന്ധ്രയടക്കം പല സംസ്ഥാനങ്ങളിലും കോൺഗ്രസ്സിന്ന് നിയമസഭാ തിരഞ്ഞെടുപ്പിൽ പരാജയമുണ്ടായി. ഇത് സാമ്പത്തിക നയപരിഷ്കാരങ്ങളുടെ ഗതിവേഗത്തെ മന്ദീഭവിപ്പിച്ചു.

ഈ ഘട്ടത്തിലാണ് പ്രധാനമന്ത്രി നരസിംഹറാവു തന്റെ സാമ്പത്തിക നയതന്ത്രം പുറത്തെടുത്തത്. "കിഴക്കോട്ട് നോക്കുക" എന്നതായിരുന്നു അതിന്റെ കാതൽ. സോവിയറ്റ് യൂണിയൻ തകർന്ന അവസരമാണിത്. ഇന്ത്യ തെക്കു കിഴക്കൻ ഏഷ്യയിലെ രാജ്യങ്ങളുമായി കൂടുതൽ അടുത്ത ബന്ധം സ്ഥാപിച്ചു. വ്യാപാര രംഗത്ത് ഇന്ത്യക്ക് സ്വീകരിക്കാവുന്ന ഏറ്റവും നല്ല പോംവഴി അതായിരുന്നു. പിന്നീട് അധികാരത്തിൽവന്ന ദേവഗൗഡാ ഗവർമ്മേണ്ടും ഗുജ്രാൽ ഗവർമ്മേണ്ടും അതിന്നുശേഷം ബി.ജെ.പി. യുടെ നേതൃത്വത്തിൽ ഭരണമേറ്റ എൻ.ഡി.എ. ഗവർമ്മേണ്ടും ഈ നയം പിന്തുടരുക തന്നെ ചെയ്തു.

വിരോധാഭാസമെന്നു പറയട്ടെ, ഇന്ത്യൻ സാമ്പത്തിക നയ പരിഷ്ക്കാരങ്ങളുടെ പിതാവായി അറിയപ്പെട്ടുവരുന്ന മൻമോഹൻസിങ്ങിന്ന് പ്രധാനമന്ത്രി പദം കൈവന്നപ്പോൾ ഈ സാമ്പത്തികനയ പരിഷ്ക്കാരങ്ങളുടെ രണ്ടാം ഘട്ടം ആരംഭിക്കാനായില്ല. മൻമോഹൻ സിങ്ങിന്റെ നേതൃത്വത്തി

ലുള്ള ഒന്നാം ഐക്യമുന്നണി ഭരണമേറ്റപ്പോൾ നിക്ഷിപ്ത താല്പര്യക്കാരും ട്രേഡ് യൂണിയനുകളും ഇടതുപക്ഷ കക്ഷികളും അദ്ദേഹത്തിന്റെ ഗതി തടഞ്ഞു. വോട്ട് ബാങ്ക് രാഷ്ട്രീയവും ജനങ്ങൾക്ക് പ്രിയംകരമായ നയങ്ങൾ അവലംബിക്കാനുള്ള വെമ്പലും ഇതിന്നു കാരണമായി. പല പരിഷ്ക്കാര നിർദ്ദേശങ്ങളും ഉപേക്ഷിക്കുകയോ മന്ദഗതിയിലാക്കുകയോ ചെയ്യേണ്ടിവന്നു.

സംസ്ഥാനങ്ങളിൽ അധികാരത്തിലുണ്ടായിരുന്ന പ്രാദേശിക കക്ഷികളും സാമ്പത്തികനയ പരിഷ്ക്കാരങ്ങൾക്ക് വിലങ്ങുതടിയായിരുന്നു. പ്രധാനമന്ത്രി മൻമോഹൻ തമിഴ്നാട്ടിലെ നെയ്‌വേലി ലിഗ് നൈറ്റ് കോർപ്പറേഷന്റെ ഓഹരികൾ സ്വകാര്യ മേഖലക്ക് വിൽക്കാൻ തീരുമാനിച്ചതായിരുന്നു. എന്നാൽ കേന്ദ്രത്തിൽ ഭരണം നടത്തുന്ന ഐക്യമുന്നണിയിലെ ഒരു ഘടകകക്ഷിയായ ഡി.എം.കെ. അതിനെ എതിർത്തപ്പോൾ മൻമോഹൻ സിങ്ങിന്ന് ആ സ്വകാര്യവൽക്കരണ നിർദ്ദേശം പിൻവലിക്കേണ്ടിവന്നു.

അതിന്നും പുറമെ ഈ പരിഷ്ക്കാരങ്ങൾക്ക് തൊഴിൽ വർദ്ധനയുണ്ടാക്കാൻ കഴിഞ്ഞില്ലെന്നത് പ്രധാനമന്ത്രിക്ക് ഒരു തടസ്സമായി. ഈ പരിഷ്ക്കാരങ്ങളെല്ലാം പണക്കാർക്ക് വേണ്ടിയാണെന്നും ദരിദ്രരെ ദ്രോഹിക്കുന്നവയാണെന്നും പ്രതിപക്ഷകക്ഷികൾ പ്രചാരണം നടത്തി.

ഇടതുമുന്നണി പിന്തുണ പിൻവലിച്ച ശേഷം 2009 ൽ തട്ടിക്കൂട്ടിയ രണ്ടാമത്തെ ഐക്യമുന്നണി ഓളത്തിൽ പെട്ട ഒതളങ്ങപോലെ അലക്ഷ്യമായി നീങ്ങുകയാണ്. പോരെങ്കിൽ അഴിമതികളുടെ പ്രവാഹം ഗവർമ്മേണ്ടിനെ സ്തംഭിപ്പിച്ചിട്ടുമുണ്ട്.

ഇന്ത്യയുടെ സാമ്പത്തികനയ പരിഷ്ക്കാരങ്ങൾ തുടങ്ങിവച്ചത് നരസിംഹറാവുവാണെങ്കിലും അത് ഏറ്റുപറയാൻ കോൺഗ്രസ്സ് മടിക്കുന്നതായിട്ടാണ് കാണുന്നത്. അതുമല്ല, റാവുവിന്റെ ഭരണകാലത്തെയാകെ തമസ്കരിക്കാനൊരു ശ്രമവും കോൺഗ്രസ്സിൽ നടക്കുന്നുണ്ട്. ഉദാഹരണത്തിന്ന് കോൺഗ്രസ്സിന്റെ 125-ാം വാർഷികം ഡിസംബറിൽ ആഘോഷിക്കുകയുണ്ടായി. പ്രധാനമന്ത്രിപദത്തിലിരുന്ന കോൺഗ്രസ്സുകാരുടെ സംഭാവനയെല്ലാം അതിൽ എണ്ണിയെണ്ണി പറഞ്ഞിട്ടുണ്ട്. എന്നാൽ നരസിംഹറാവുവിന്റെ കാര്യം മാത്രം അതിൽ വിട്ടുകളഞ്ഞിരിക്കുന്നു. രാജീവ് ഗാന്ധിയുടെ സ്വപ്നപദ്ധതികൾ നടപ്പാക്കിയത് റാവുവാണ്. പക്ഷെ അക്കാര്യം പോലും അതിൽ പറയുന്നില്ല. റാവുവിന്നുശേഷം സ്ഥിതിഗതികളിൽ വലിയ മാറ്റമൊന്നും സംഭവിച്ചിട്ടില്ലെങ്കിലും, സാമ്പത്തിക നയ പരിഷ്ക്കാരത്തിന്ന് ഓജസ്സുണ്ടാക്കിയത് റാവുവാണെന്ന് കോൺഗ്രസ്സ് പ്രസിഡണ്ട് സോണിയാ ഗാന്ധി ഈയിടെ ഏറ്റുപറഞ്ഞത് എല്ലാവരേയും അത്ഭുതപ്പെടുത്തി.

റാവുവിന്റെ വാഴ്ചയെ മറന്നുകളയാൻ കോൺഗ്രസ്സുകാർ വ്യഗ്രത കാണിക്കുന്നത് എന്തുകൊണ്ടാണ്? നെഹ്റു-രാജീവ് വംശത്തെ മാത്രം ഗണനീയമായ ഘടകമാക്കാൻ കോൺഗ്രസ് താല്പര്യപ്പെടുന്നതുകൊണ്ടാകാം. അതല്ലെങ്കിൽ 1996 ൽ അധികാരം നഷ്ടപ്പെട്ടശേഷം റാവു പല കേസുകളിലും കുടുങ്ങുകയുണ്ടായി. പാർട്ടി നേതൃത്വം സീതാറാം കേസരിയുടെ കയ്യിൽചെന്നുപെട്ടു. കേസരിയെ വെല്ലുവിളിക്കാനൊന്നും റാവു മുതിരുകയുണ്ടായില്ല. 1998 ൽ സോണിയാഗാന്ധി അധികാരമേറ്റപ്പോഴേ കോൺഗ്രസ്സിലെ കലാപങ്ങൾക്ക് അറുതിവന്നുള്ളൂ. അതോടെ നെഹ്റു-രാജീവ് വംശവാഴ്ച പുനസ്ഥാപിതമായി. നെഹ്റു കുടുംബത്തിൽ പെട്ടവരല്ലാത്തവരുടെ ഭരണകാലത്തെ മറക്കുകയോ മറയ്ക്കുകയോ ചെയ്യുന്ന ഒരു പ്രവണത കോൺഗ്രസ്സിനുണ്ട്. നെഹ്റുവിന്നു ശേഷം പ്രധാനമന്ത്രിയാ ➡

യത് ലാൽ ബഹാദൂർ ശാസ്ത്രിയാണ്. തികച്ചും ജനാധിപത്യപരമായ രീതിയിലാണ് ശാസ്ത്രിയെ പ്രധാനമന്ത്രിയാക്കിയതെങ്കിലും കോൺഗ്രസ്സുകാർ അതു സമ്മതിക്കാറില്ല. ഇന്ദിരാഗാന്ധിക്ക് അധികാരമേൽക്കാറാവുന്നതുവരെയുള്ള ഒരു താൽക്കാലിക സംവിധാനമായിട്ടേ കോൺഗ്രസ്സുകാർ ശാസ്ത്രിയുടെ ഭരണ കാലഘട്ടത്തെ കണക്കാക്കാറുള്ളൂ.

റാവുവിന്റെ അഞ്ചുകൊല്ലത്തെ ഭരണകാലത്തേയും ശാസ്ത്രിയുടെ ഭരണ കാലഘട്ടത്തെപ്പോലെ ഒരു ഇടക്കാല സംവിധാനമായി കാണാനാണ് കോൺഗ്രസ്സുകാർ ഇഷ്ടപ്പെടുന്നത്. മൻമോഹൻ സിങ്ങിന്റെ ഭരണകാലഘട്ടത്തെ ഇത്തരമൊരു ഇടക്കാല സംവിധാനമായിപ്പോലും കോൺഗ്രസ്സുകാർ കണക്കാക്കുന്നില്ല. കാരണം, മൻമോഹൻ സിങ്ങാണ് പ്രധാനമന്ത്രിയെന്നിരിക്കിലും യഥാർത്ഥ ഭരണാധികാരി മൻമോഹൻ സിങ്ങിന്റെ പിന്നിൽ നിൽക്കുന്ന സോണിയാ ഗാന്ധിയാണെന്ന് അവർ കരുതുന്നു.

നരസിംഹറാവു തന്റെ ഭരണത്തിന്റെ ആദ്യ ഘട്ടത്തിൽ ഏതാണ്ട് ഒരു കൊല്ലക്കാലം സോണിയയുടെ വീട്ടിൽ പോകുന്നത് പതിവാക്കിയിരുന്നു. എന്നാൽ എൻ.ഡി. തിവാരിയും കൂട്ടുകാരുംകൂടി ഒരു അഖിലേന്ത്യാ ഇന്ദിരാ കോൺഗ്രസ്സ് (തിവാരി) എന്ന പേരിൽ ഒരു പാർട്ടിയുണ്ടാക്കിയതോടെ നരസിംഹറാവു സോണിയയുടെ വീട്ടിൽ ചെന്ന് ചർച്ച നടത്തുന്ന ഏർപ്പാട് നിർത്തലാക്കി. നരസിംഹറാവുവും സോണിയയും തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ മൂർഛിക്കുകയും ചെയ്തു.

അവസാനമായി നരസിംഹറാവുവിന്ന് തനതായ ചില കാരണങ്ങളുമുണ്ടായിരുന്നു. സാമ്പത്തികനയ പരിഷ്ക്കാരങ്ങളുടെ ക്രെഡിറ്റെല്ലാം അദ്ദേഹം മൻമോഹൻ സിങ്ങിന്ന് വിട്ടുകൊടുത്തു. രാഷ്ട്രീയമെന്തെന്ന് അറിവില്ലാത്ത മൻമോഹൻസിങ് എത്രപോയാലും ഇത്രക്കേ പോകൂ എന്ന് തികഞ്ഞ രാഷ്ട്രീയക്കാരനായ നരസിംഹറാവുവിന്ന് അറിയാമായിരുന്നു. പ്രതിപക്ഷത്തിന്റെ ആക്രമണങ്ങളുടെ മുനയൊടിക്കാൻ താനൊരു "അശക്തനായ" പ്രധാനമന്ത്രിയായി കാണപ്പെടേണ്ടത് ആവശ്യമാണെന്നും അദ്ദേഹം കരുതിയിട്ടുണ്ടാകണം.

നരസിംഹറാവുവും സ്വജീവിതത്തിന്റെ സന്ധ്യാ വേളയിൽ ആവർത്തിക്കാറുണ്ടായിരുന്ന ഒരു വാചകമുണ്ട്."ഇന്ന് ആരെല്ലാം എന്തെല്ലാം പറഞ്ഞാലും ശരി, ചരിത്രം തന്റെ ഭരണത്തെ കൂടുതൽ നന്നായി വിലയിരുത്തും." ❑

# ഗാർഹിക പീഡന നിരോധന നിയമം 2005

**- അഡ്വ. സുനിത പി.എൻ. -**

**1**9-ാം നൂറ്റാണ്ടിന്റെ അവസാന പകുതിയിലും 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിലുമായി യൂറോപ്പിൽ ഒരു തരംഗമായി അലയടിച്ച സ്ത്രീപക്ഷ മുന്നേറ്റങ്ങൾക്ക് ലോകവ്യാപകമായ അംഗീകാരം ലഭിക്കുന്നത് ഏതാണ്ട് 20-ാം നൂറ്റാണ്ടിന്റ അവസാനത്തോടെയാണ്. പക്ഷെ ഇന്നും 'ആഗോളഫെമിനിസം' എന്നൊന്ന് നമുക്ക് കണ്ടത്താൻ ബുദ്ധിമുട്ടാണ്. കിഴക്കിന്റെ ഫെമിനിസവും, പടിഞ്ഞാറിന്റെ ഫെമിനിസവും എന്നത്തേയും പോലെ ഇന്നും വ്യത്യ

സ്തമായിത്തന്നെ തുടരുന്നു. എങ്കിലും 21-ാം നൂറ്റാണ്ടിന്റെ തുടക്കത്തിലായപ്പോഴേക്കും ഭാരതത്തില സ്ത്രീപക്ഷം അടിയുറച്ച ചിന്തയും തത്വ സംഹിതകളും കൊണ്ട് ലോകനിലവാരത്തിലെത്തുന്നതായി നമുക്ക് കാണാം. പെണ്ണവകാശങ്ങളുട സാമൂഹിക പ്രാധാന്യത്തോളം തന്നെ പരിഗണിക്കപ്പെട്ടിരുന്നു അവയുടെ ഗാർഹിക പ്രാധാന്യവും. കാരണം, പുരുഷ കേന്ദ്രീകൃതമായ നമ്മുടെ ചുറ്റുപാടുകളിൽ സ്ത്രീകളുട അവകാശങ്ങൾ അകത്തും പുറത്തും ഒരുപോല ലംഘിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. വീട്ടിനകത്ത് ഭർത്താവ് ഭാര്യയോടോ, ഭർതൃബന്ധുക്കൾ വീട്ടില മരുമകളോടോ പെരുമാറേണ്ടതെങ്ങനെയെന്ന് പ്രത്യേക നിയമ നിർമ്മാണത്തിലൂടെ നിയന്ത്രിക്കേണ്ട അവസ്ഥ വന്നെത്തി നിൽക്കുന്നു കാര്യങ്ങൾ.

2005ൽ പ്രാബല്യത്തിൽവന്ന ഗാർഹിക പീഡന നിരോധന നിയമം, വീടിന്നുള്ളിൽവച്ച് സ്വന്തക്കാരും ബന്ധുക്കളും സ്ത്രീകൾക്കെതിരെ നടത്തുന്ന അക്രമങ്ങളെ ചെറുത്തു നിൽക്കാൻ, അവരെ പ്രാപ്തരാക്കുന്നതിന്നുവേണ്ടിയുള്ളതാണ്. സ്ത്രീകൾക്കുവേണ്ടി പ്രത്യേക നിയമനിർമ്മാണം നടത്താൻ പാർലമന്റിന് അധികാരം കൊടുക്കുന്ന ഭരണഘടനയുടെ 15(3) അനുഛേദം പ്രകാരമാണ് ഈ നിയമ നിർമ്മാണം നടന്നത്. എല്ലാവരേയും തുല്യരായിക്കാണണമെന്ന ഭരണഘടനാ ചട്ടത്തിന്റ നിയമപരമായ ഉപേക്ഷയായി ഇതിനെ കണക്കാക്കാം.

അമിത മദ്യപാനവും ലഹരിവസ്തുക്കളും പിരിമുറുക്കങ്ങളും മറ്റു പല പ്രശ്നങ്ങളും വീട്ടിലെ സ്ത്രീകളുടെ നേർക്കുള്ള ആക്രമണമായി മാറുന്നിടത്ത് നിഷ്ക്രിയരായി നോക്കി നിൽക്കാൻ ഭരണകൂടത്തിനോ സമൂഹത്തിനോ സാധ്യമല്ലാതെ വന്ന സാഹചര്യത്തിലാണ് പുതിയ നിയമം ഒരു പ്രതിരോധ ഉപകരണമായി അവർ എടുത്തുനീട്ടിത്തന്നത്. ഇതിനു പിന്നിലും നമ്മുടെ സ്ത്രീപക്ഷവാദികളുടെ പങ്ക് ചെറുതല്ല. യഥാർത്ഥത്തിൽ ഈ നിയമം സ്ത്രീപക്ഷ ചിന്തകരുടെ മാനസപുത്രിയാണ്. ഭർതൃഗൃഹത്തിലും സ്വന്തം വീട്ടിലും സ്ത്രീകളുടെ വിവിധ തരത്തിലുള്ള അവകാശ ലംഘനങ്ങളെ കണ്ടെത്തി, അവകാശങ്ങളെ മൂല്യശോഷണം വരാതെ നടത്തിയെടുക്കാൻ സഹായിക്കുന്ന, യഥാതഥമായ പ്രശ്ന പരിഹാരങ്ങൾ സാധ്യമാക്കിക്കൊണ്ടിരിക്കുന്ന ഈ നിയമത്തെക്കുറിച്ച്, പക്ഷെ പൊതുജനങ്ങൾക്ക് വേണ്ടത്ര അവബോധം ഉണ്ടായിട്ടില്ല.

ഈ നിയമത്തിലെ ഏറ്റവും പ്രധാനപ്പെട്ട വ്യവസ്ഥകൾ താഴെ പറയുന്നവയാണ്.

* പ്രസ്തുത നിയമപ്രകാരം ഗാർഹിക അതിക്രമം ഉണ്ടാകുന്നത് പരാതിക്കാരിയുമായി കുടുംബ ബന്ധത്തിലുള്ള ഒരു വ്യക്തിയുടെ ഏതെങ്കിലും പെരുമാറ്റം, ഉപേക്ഷ, നടപടി അല്ലെങ്കിൽ ചെയ്തി മൂലം പരാതിക്കാരിക്ക് ശാരീരികമോ മാനസികമോ ലൈംഗികമോ സാമ്പത്തികമോ ആയ പീഡനമോ അവകാശ ലംഘനമോ ഉണ്ടായിട്ടുണ്ടെങ്കിൽ മാത്രമാണ്.
* പീഡകന് പരാതിക്കാരിയുമായി രക്തബന്ധമോ, വിവാഹ ബന്ധമോ വിവാഹസമാനമായ ബന്ധമോ കൂട്ടുകുടുംബ ബന്ധങ്ങളോ ദത്തു മൂലമുള്ള ബന്ധമോ എന്തുമാകാം. പക്ഷെ എതിർകക്ഷി ഒരു സ്ത്രീയായിരിക്കുമ്പോൾ അത് ഭർത്താവിന്റെ ബന്ധുക്കൾ മാത്രമേ പാടുള്ളൂ. അതായത് അമ്മ മകളെ പീഡിപ്പിച്ചാലോ സഹോദരി മറ്റൊരു സഹോദരിയെ പീഡിപ്പിച്ചാലോ അത് ഈ നിയമത്തിന്റെ പരിധിയിൽ വരില്ല.
* കുടുംബ ബന്ധമുള്ളവരെന്നാൽ ഒരേവീട്ടിൽ താമസിക്കുന്നവരോ താമസിച്ചിരുന്നവരോ ആണ്. എന്നാൽ ഈ നിർവ്വചനം ഉപയോഗിച്ച് സാധാരണ സിവിൽ കേസായി പരിഗണിക്കപ്പെടേണ്ട കേസുകൾ ഈ നിയമത്തിന്റെ പരിധിയിൽ വരുന്നില്ല. ഉദാഹരണത്തിന് വിവാഹ ശേഷം ഭർതൃഗൃഹത്തിൽ താമസിക്കുന്ന സഹോദരിയും സഹോദരനും തമ്മിലുള്ള വസ്തു സംബന്ധമായ തർക്കങ്ങളും മറ്റും ഈ നിയമംകൊണ്ട് നേരിടാവുന്നതല്ല.
* ഭർതൃഗൃഹത്തിൽ താമസിക്കുന്ന ഭാര്യയെ അവിടെനിന്നും നിരുപാധികം ഇറക്കിവിടുന്നതിനുള്ള സാധ്യതയെ മുന്നിൽ കണ്ടുകൊണ്ട് അവർക്ക് പങ്കുപറ്റുന്ന വീട്ടിൽതന്നെ താമസിക്കുന്നതിനുള്ള അവകാശം ഉറപ്പാക്കുന്ന ഉത്തരവിന് ഈ നിയമത്തിൽ വ്യവസ്ഥയുണ്ട്.
* സംരക്ഷണ ഉത്തരവ്, കസ്റ്റഡി ഉത്തരവുകൾ നഷ്ടപരിഹാര ഉത്തരവുകൾ ഇടക്കാല എക്സ് പാർട്ടി ഉത്തരവുകൾ എന്നിവയെല്ലാം ഈ നിയമപ്രകാരമുള്ള പരിഹാരങ്ങളാണ്.
* പീഡനത്തിന്നിരയായ സ്ത്രീയുടെ അഭിപ്രായത്തിൽ തുടർന്നും ഉത്തരവുകളുടെ നിലനില്പ് ആവശ്യമില്ലെങ്കിൽ മാത്രമെ ഉത്തരവുകൾ അസാധുവാകുകയുള്ളൂ.
* അഭയം, നിയമസഹായം, ചികിത്സാ സംവിധാനം, കൗൺസലിംഗ് എന്നിവയാണ് ഈ നിയമ പ്രകാരം പീഡിപ്പിക്കപ്പെട്ട സ്ത്രീക്ക് ലഭ്യമാകുന്ന സേവനങ്ങൾ. ഇതിനുവേണ്ടി സാമൂഹ്യ ക്ഷേമ വകുപ്പിന്റെ കീഴിൽ സേവന ദാതാക്കളും സംരക്ഷണ ഉദ്യോഗസ്ഥരും നിയമോപദേശകരും നിയമിക്കപ്പെട്ടിട്ടുണ്ട്.
* ഈ നിയമപ്രകാരമുള്ള നടപടികൾ നടത്താൻ മജിസ്ട്രേറ്റ് സഹായം തേടുന്ന പീഡിപ്പിക്കപ്പെട്ട സ്ത്രീയുടെ ഒരു ബന്ധുവോ, ബന്ധുവല്ലെങ്കിലും കുടുംബക്ഷേമ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതോ ആയ വ്യക്തിയാണ് വെൽഫെയർ വിദഗ്ധൻ, അതു കഴിയുന്നതും ഒരു സ്ത്രീയായിരിക്കണം.
* 19-ാം വകുപ്പു പ്രകാരമുള്ള സംരക്ഷണ ഉത്തരവിന്റേയോ, ഇടക്കാല സംരക്ഷണ ഉത്തരവിന്റെയോ ലംഘനം കോഗ്നൈസബിളും, ജാമ്യമില്ലാത്തതും ആയി വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഒരു വർഷം വരെ തടവും പിഴയുമോ അല്ലെങ്കിൽ രണ്ടും കൂടിയോ കൊടുക്കാവുന്ന കുറ്റമാണ്.

പക്ഷെ ഈയിടെയായി ഗാർഹിക പീഡന നിരോധന നിയമത്തിന്റെ നടത്തിപ്പിനോടനുബന്ധിച്ച ചില്ലറ പോരായ്മകളും, ചുരുക്കം ചില ദുരുപയോഗങ്ങളും പലസ്ഥലങ്ങളിൽനിന്നും റിപ്പോർട്ട് ചയ്യപ്പെടുന്നുണ്ട്. 'സേവ് ഇന്ത്യൻ ഫാമിലി', 'സേവ് ഫാമിലി ഫൗണ്ടേഷൻ', 'പാസ്' തുടങ്ങിയ നിരവധി പുരുഷ സംഘടനകൾ ഇത്തരം വാദങ്ങളുമായി രംഗത്തുണ്ട്. ഇവരുടെ പരാതികളിലെ സത്യാവസ്ഥകൾ കൂടി കണ്ടെത്തി പരിഹരിച്ച് നിയമം ഇനിയുമിനിയും ശക്തിപ്പെടുത്തി, സാമൂഹികവും നിയമപരവുമായി സുസ്ഥിരവും അലംഘനീയവുമായ ഒരു ചട്ടക്കൂട് നാം നിർമ്മിക്കേണ്ടിയിരിക്കുന്നു. ❑

Reg. No.3551/93/L Dis Registered: KL/CR/TCR/347/2009-2011
Posted at R.M.S., Thrissur-21. Date of posting: 28-10-2011

## മരുന്നു പരീക്ഷണങ്ങളിലെ സമ്മത ഉടമ്പടി:
# മാനദണ്ഡങ്ങൾ

- സമ്മതം നൽകുന്ന സമയത്ത് പങ്കാളിയും അന്വേഷകനും തമ്മിൽ ആശ്രിതബന്ധം ഉണ്ടാകരുത്. അന്വേഷകൻ പങ്കാളിയെ ചികിത്സിക്കുന്ന ഡോക്ടറാണെങ്കിൽ, പങ്കാളിക്ക് കടപ്പാടുകളോ വിധേയത്വമോ ഇല്ലാത്ത മറ്റൊരാളായിരിക്കണം പങ്കാളിയോട് സമ്മതത്തെക്കുറിച്ച് സംസാരിക്കേണ്ടതും, സമ്മതം സ്വീകരിക്കേണ്ടതും. അനുവാദം നിഷേധിക്കാനും പരീക്ഷണത്തോട് സഹകരിക്കാതിരിക്കാനുമുള്ള പങ്കാളിയുടെ സ്വാതന്ത്ര്യം ശങ്കകൾകൂടാതെ വിനിയോഗിക്കാനാണിത്.
- സാധുവായ സമ്മതം നൽകാൻ ബോധമോ, മാനസികാവസ്ഥയോ ഇല്ലാത്തവർക്ക് വേണ്ടി, നിയമാനുസൃതം അധികാരപ്പെടുത്തപ്പെട്ടയാൾക്ക് സമ്മതം നൽകാം. പക്ഷെ, ഒഴിവാക്കാനാകാത്ത സാഹചര്യങ്ങളിൽ മാത്രമേ അത്തരം സമ്മതം സ്വീകരിക്കാവൂ. പ്രായപൂർത്തിയാകാത്തവർ ബോധപൂർവ്വം നൽകുന്ന സമ്മതത്തോടൊപ്പം, അധികാരപ്പെടുത്തപ്പെട്ട പ്രായപൂർത്തിയായ ആളിന്റെകൂടി സമ്മതം വാങ്ങേണ്ടതുണ്ട്.
- സമ്മതപത്രം പങ്കാളിക്ക് മനസ്സിലാകുന്ന ഭാഷയിൽ ആയിരിക്കണം. പരീക്ഷണവുമായി ബന്ധപ്പെട്ട മുഴുവൻ നിബന്ധനകളും വിശദാംശങ്ങളും ലളിതമായ ശൈലിയിൽ പങ്കാളിക്ക് വിവരിച്ചു കൊടുക്കണം. സമ്മതം നൽകിയശേഷം, ആദ്യം പങ്കാളിയെ ധരിപ്പിച്ചതിൽനിന്നും വ്യത്യസ്തമായി എന്തെങ്കിലും വ്യവസ്ഥകൾകൂട്ടിച്ചേർക്കാനിടവരുന്നെങ്കിൽ, വീണ്ടും പുതിയ സമ്മത ഉടമ്പടി വാങ്ങണം. പങ്കാളിയുടെ ജൈവസാമ്പിളുകളിൽ പരീക്ഷണം നടത്തണമെങ്കിൽ ആ കാര്യം എടുത്തു പറഞ്ഞുകൊണ്ടുവേണം അനുവാദം വാങ്ങാൻ.
- ചില പ്രദേശങ്ങളിൽ സമുദായ നേതാവിന്റെ സമ്മതവുംകൂടി വാങ്ങേണ്ടതുണ്ടെങ്കിൽ അങ്ങിനെയും വേണം. എന്നാൽ, സമുദായ നേതാവിന്റെ സമ്മതം പങ്കാളിയുടെ സമ്മതത്തിന് പകരമാകില്ലെന്ന് ഓർക്കണം.

(ബാക്കി അടുത്ത ലക്കത്തിൽ)

Printed and published by : **Dr. George Mathen for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ:** വാർഷികം – 100 ക., ആയുഷ്കാലം – 1000 ക.